2025 OCTOBER
31
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## രാജ്യവ്യാപകമായി ഇലക്ട്രിക് വെഹിക്കിൾ (ഇവി) ചാർജർ സ്ഥാപിക്കുന്നതിനു ഭൂമി കണ്ടെത്തണമെന്ന് സംസ്ഥാനങ്ങൾക്കു നിർദേശം

**ന്യൂഡൽഹി:** രാജ്യവ്യാപകമായി 72,000 ഇലക്ട്രിക് വെഹിക്കിൾ (ഇവി) ചാർജർ സ്ഥാപിക്കുന്നതിനു ഭൂമി കണ്ടെത്തണമെന്നു സംസ്ഥാനങ്ങൾക്കു നിർദേശം. സ്ഥലം കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നാണ് കേന്ദ്ര ഘന വ്യവസായ മന്ത്രാലയം ആവശ്യപ്പെട്ടത്. പിഎം ഇ ഡ്രൈവ് പദ്ധതിയുടെ ഭാഗമായി 2,000 കോടി രൂപ വീതം ഇൻസെന്റീവും സംസ്ഥാനങ്ങൾക്കു കിട്ടും. നോഡൽ ഏജൻസികളുടെ രൂപീകരണം, ചാർജിങ് കേന്ദ്രങ്ങളുടെ വർധിച്ചുവരുന്ന ആവശ്യകത തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തിയെന്നും മന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു.

ഇവി ചാർജിങ് സ്റ്റേഷനുകളിൽ ട്രാൻസ്ഫോമർ ഉൾപ്പെടെ വേണ്ടതിനാൽ ഇതിനാവശ്യമായ സ്ഥല സൗകര്യങ്ങളാണ് ഒരുക്കേണ്ടത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഓഫിസുകൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ ചാർജർ വയ്ക്കുന്നതിനുള്ള മുഴുവൻ തുകയും കേന്ദ്രം വഹിക്കും. മറ്റു സ്ഥലങ്ങളിൽ ചാർജർ വയ്ക്കാൻ ചെലവാകുന്നതിന്റെ 80% തുകയും നൽകും. ഇന്ത്യയിൽ നിർമിച്ച ചാർജർ തന്നെ വയ്ക്കണമെന്നും നിർദേശമുണ്ട്.

കൂടുതൽ ഇലക്ട്രിക് വാഹനങ്ങളുള്ള സംസ്ഥാനങ്ങൾക്കു ആദ്യം പദ്ധതിരേഖ നൽകി ആനുകൂല്യം നേടാമെന്നും ഉദ്യോഗസ്ഥർ പറഞ്ഞു. ചാർജിങ് സ്റ്റേഷനുകളുടെ അഭാവം കൊണ്ടു മാത്രമാണ് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ കൂടുതൽ ആളുകൾ മടിക്കുന്നതെന്നാണ് കേന്ദ്രത്തിന്റെ വിലയിരുത്തൽ.

# കേരള ബാങ്ക് നിക്ഷേപത്തിൽ 5 കൊല്ലം കൊണ്ട് 23,000 കോടിയുടെ കുതിപ്പ്

**തിരുവനന്തപുരം:** അഞ്ചുവർഷം കൊണ്ട് കേരള ബാങ്കിന്റെ നിക്ഷേപത്തിൽ 23,000 കോടി രൂപയുടെ വർധനയുണ്ടായെന്ന് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. കേരള ബാങ്ക് ലക്ഷ്യം പൂർത്തിയാക്കുന്ന വളർച്ച നേടിക്കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു. 1,01,194.41 കോടിയിൽ നിന്ന് 1,24,000 കോടിയായാണ് വർധിച്ചത്. ഭരണസമിതിയുടെ കാലാവധി പൂർത്തിയാക്കിയതിനെ തുടർന്നാണ് നേട്ടങ്ങൾ വിവരിച്ചത്.

പ്രമുഖ വാണിജ്യ ബാങ്കുകൾക്ക് അവകാശപ്പെടാവുന്ന 50,000 കോടി രൂപ വായ്പാ ബാക്കിനിൽപ് എന്ന ചരിത്ര നേട്ടം കേരള ബാങ്ക് പിന്നിട്ടുവെന്നും 52,000 കോടി രൂപയാണ് വായ്പാ ബാക്കിനിൽപെന്നും മന്ത്രി വിശദീകരിച്ചു. സ്വർണപ്പണയ വായ്പ ബാക്കിനിൽപു വർധന ലക്ഷ്യമിട്ടതിനേക്കാൾ 1000 കോടിയോളം രൂപ അധികമായി വർധിപ്പിക്കാൻ കഴിഞ്ഞു. കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന വായ്പാ പദ്ധതികളിലൂടെ 467.04 കോടി രൂപ 216 പദ്ധതികൾക്കായി അനുവദിച്ചു മന്ത്രി പറഞ്ഞു.

കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട ചിത്രങ്ങളുടെ അനാഛാദനവും ബാങ്ക് ആസ്ഥാനത്ത് മന്ത്രി നിർവഹിച്ചു.

ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ, വൈസ് പ്രസിഡന്റ് എം.കെ. കണ്ണൻ, സഹകരണ വകുപ്പ് സ്പെഷൽ സെക്രട്ടറി ഡോ. വീണ എൻ. മാധവൻ, ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ വി. രവീന്ദ്രൻ, ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ജോർട്ടി എം.ചാക്കോ തുടങ്ങിയവർ പങ്കെടുത്തു.




## കപ്പൽ അറ്റകുറ്റപ്പണി: കരാറിൽ ഒപ്പിട്ട് ഡ്രൈഡോക്സ് വേൾഡും കൊച്ചിൻ ഷിപ്പ് യാർഡും

**കൊച്ചി:** കൊച്ചിയിലെ ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ ഫെസിലിറ്റിയിൽ (ഐഎസ്ആർഎഫ്) ഉള്ള ഇന്ത്യയിലെ ആദ്യത്തെ കപ്പൽ അറ്റകുറ്റപ്പണി ക്ലസ്റ്റർ വിലയിരുത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി കരാറിൽ ഒപ്പുവച്ച് ഡിപി വേൾഡ് കമ്പനിയായ ഡ്രൈഡോക്സ് വേൾഡും കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡും. മുംബൈയിൽ നടന്ന ഇന്ത്യ മാരിടൈം വീക്ക് 2025ൽ വെച്ച് ഡ്രൈഡോക്സ് വേൾഡിന്റെ സിഇഒ ക്യാപ്റ്റൻ റാഡോ അനോട്ടോലോവിച്ച്, കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് . നായരും തമ്മിൽ ധാരണാപത്രം കൈമാറി.

അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടുകളിൽ സ്ഥിതിചെയ്യുന്ന ഐഎസ്ആർഎഫിൽ, അത്യാധുനിക ഷിപ്പ്ലിഫ്റ്റ് സംവിധാനവും വിവിധതരം കപ്പലുകൾക്ക് സേവനം നൽകാൻ ശേഷിയുള്ള ആധുനിക ഡോക്കിംഗ് സൗകര്യങ്ങളും ഉണ്ട്. സിഎസ്എല്ലും ഡ്രൈഡോക്സ് വേൾഡും ഒരുമിച്ച് കപ്പൽ അറ്റകുറ്റപ്പണി ക്ലസ്റ്റർ മേഖലയിലെ സഹകരണത്തിന്റെ സാധ്യതകൾ വിലയിരുത്തും. സമുദ്രവ്യാപാര മേഖലയിലെ ആഗോള സേവനങ്ങളിൽ ഉയർന്നുവരുന്ന കേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ ഭാവി വളർച്ച സുഗമമാക്കുകയും ചെയ്യുന്നതാണ് ഈ സഹകരണം.

ഇന്ത്യയുടെ സമുദ്രവ്യാപാരപരമായ അടിസ്ഥാന സൗകര്യങ്ങളും മത്സരക്ഷമതയും ശക്തിപ്പെടുത്തുന്നതിനുള്ള ഡിപി വേൾഡിന്റെ പ്രതിബദ്ധതയിൽ കൊച്ചിൻ ഷിപ്പ് യാർഡുമായുള്ള പങ്കാളിത്തം ഒരു നാഴികക്കല്ലാണ് എന്ന് ഡ്രൈഡോക്സ് വേൾഡിന്റെ സിഇഒ, ക്യാപ്റ്റൻ റാഡോ അനോട്ടോലോവിച്ച് പറഞ്ഞു. സമുദ്രവ്യാപാര രംഗത്തെ മികവിന്റെ കാര്യത്തിൽ ഒരേ കാഴ്ചപ്പാട് വെച്ചുപുലർത്തുന്ന മേഖലയിലെ ഏറ്റവും മുൻനിര രണ്ടു സ്ഥാപനങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നതാണ് ഈ സഹകരണം എന്ന് കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് .നായർ പറഞ്ഞു.

## വീണ്ടും കൂട്ടപ്പിരിച്ചുവിടലിന് ആമസോൺ

**സാൻഫ്രാൻസിസ്കോ:** കനത്ത പിരിച്ചുവിടലിനൊരുങ്ങി ആമസോൺ. 14,000 ജീവനക്കാരെ പിരിച്ചു വിടാനാണ് തീരുമാനം. കോവിഡ് കാലത്ത് കമ്പനിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വൻ തോതിൽ നിയമനങ്ങൾ നടത്തിയിരുന്നു.

ഇത് ഉയർത്തിയ അധിക ബാധ്യത നേരിടാനാണ് ഇപ്പോൾ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നത്. 2022 ന് ശേഷം നടത്തുന്ന ഏറ്റവും വലിയ പിരിച്ചുവിടലാണിത്. അന്ന് 27,000 പേരുടെ ജോലി നഷ്ടപ്പെട്ടിരുന്നു. ഈ ആഴ്ച മുതൽ നടപടികൾക്ക് തുടക്കമാവും. ഇന്നലെ മുതൽ പിരിച്ചുവിടലിനു വിധേയമാകുന്ന ജീവനക്കാർക്ക് ആ ഇമെയിൽ അയച്ചു തുടങ്ങിയിട്ടുണ്ട്.

എഐയുടെ കടന്നു വരവ് വരും വർഷങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്നതിന്റെ സാധ്യത ഉയർത്തുമെന്ന് ആമസോൺ സിഇഒ ആൻഡി ജാസി പറഞ്ഞു. 2012ൽ ആൻഡി ജാസി ചുമതല ഏറ്റെടുത്തപ്പോൾ മുതൽ ചെലവു ചുരുക്കൽ നടപടികൾ ആരംഭിച്ചിരുന്നു.

എഐ സാങ്കേതിക രംഗത്ത് വൻ നിക്ഷേപത്തിന് തയ്യാറെടുക്കുന്ന കമ്പനി നോർത്ത് കാരലൈനയിൽ 1000 കോടി ഡോളർ മുതൽ മുടക്കിൽ ക്യാംപസ് ആരംഭിക്കാനുള്ള ശ്രമത്തിലാണ്. ആമസോണിൽ ആകെ 15.5 ലക്ഷം ജീവനക്കാരുണ്ട്.

## ദേശീയ മറൈൻ ഫിഷറീസ് സെൻസസ്: ഭവനതല വിവരശേഖരണത്തിന് നാളെ തുടക്കം

**കൊച്ചി:** അഞ്ചാമത് ദേശീയ മറൈൻ ഫിഷറീസ് സെൻസസിന്റെ പ്രധാന ഭാഗമായ ഭവനതല വിവരശേഖരണത്തിന്റെ ഉദ്ഘാടനം നാളെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കും. ലോഞ്ചിംഗും ദേശീയ ശിൽപശാലയുടെ ഉദ്ഘാടനവും രാവിലെ 10ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ നിർവഹിക്കും.

സുസ്ഥിര മത്സ്യബന്ധന പരിപാലനത്തിനും നയരൂപീകരണത്തിനും നിർണ്ണായകമായ വിവരങ്ങൾ ലഭ്യമാക്കുകയാണ് മറൈൻ ഫിഷറീസ് സെൻസസിന്റെ ലക്ഷ്യം. ഇന്ത്യയിലെ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 12 ലക്ഷത്തിലധികം മത്സ്യത്തൊഴിലാളി വീടുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കും. മറൈൻ സെൻസസിന്റെ സാമ്പത്തിക ചിലവ് വഹിക്കുന്നതും ഏകോപനം ചുമതല നിർവഹിക്കുന്നതും കേന്ദ്ര ഫിഷറീസ് വകുപ്പാണ്. നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് സിഎംഎഫ്ആർഐ. ഫിഷറി സർവേ ഓഫ് ഇന്ത്യ (എഫ്എസ്ഐ) നടത്തിപ്പ് പങ്കാളിയാണ്. മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട എന്യൂമറേറ്റർമാർ 45 ദിവസം നീണ്ടുനിൽക്കുന്ന വിവരശേഖരണത്തിനായി ഓരോ മത്സ്യത്തൊഴിലാളി ഭവനത്തിലും നേരിട്ടെത്തും.സമ്പൂർണ്ണ ഡിജിറ്റൽ സെൻസസ്അഞ്ച് വർഷത്തിലൊരിക്കൽ സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ നടത്തുന്ന മറൈൻ സെൻസസ് ഇത്തവണ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാണ് നടപ്പിലാക്കുന്നത്. വിവരശേഖരണത്തിനായി മൊബൈൽഡിജിറ്റൽ ആപ്പുകളാണ് ഉപയോഗിക്കുന്നത്. സിഎംഎഫ്ആർഐ വികസിപ്പിച്ച 'വ്യാസ്ഭാരത്', 'വ്യാസ്സൂത്ര' എന്നീ പ്രത്യേക മൊബൈൽ, ടാബ്ലെറ്റ് ആപ്ലിക്കേഷനുകളും ചടങ്ങിൽ പുറത്തിറക്കും. ഇത് വിവരങ്ങളിലെ പിഴവുകൾ കുറയ്ക്കാനും വേഗത്തിൽ ക്രോഡീകരിക്കാനും സഹായിക്കും. ചടങ്ങിനോടനുബന്ധിച്ച്, സി.എം.എഫ്.ആർ.ഐയിൽ സജ്ജീകരിച്ച നാഷണൽ മറൈൻ ഫിഷറീസ് സെൻസസ് ഡേറ്റ സെന്ററും (എൻ.എം.എഫ്.ഡി.സി) കേന്ദ്ര മന്ത്രി ഉദ്ഘാടനം ചെയ്യും. ഫിഷറീസ് മന്ത്രാലയത്തിന്റെ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. അജയ് ശ്രീവാസ്തവ അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം.പി, ടി.ജെ. വിനോദ് എം.എൽ.എ, കേന്ദ്ര ഫിഷറീസ് സെക്രട്ടറി ഡോ. അഭിലക്ഷ് ലിഖി, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, സിഐഎഫ്ടി ഡയറക്ടർ ഡോ. ജോർജ് നൈനാൻ, എഫ്എസ്ഐ ഡയറക്ടർ ജനറൽ ഡോ. ശ്രീനാഥ് കെ.ആർ തുടങ്ങിയവർ ചടങ്ങിൽ സംസാരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY




കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജക മണ്ഡലം പ്രവർത്തക കൺവെൻഷൻ യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ് ഉദ്ഘാടനം ചെയ്യുന്നു. അലൻ ജോസഫ്, റഷീദ് തേവര, ടെൻസൻ ജോർജ് , ജംഷീർ വാഴയിലിൽ, എ. നടരാജ്, ദീപു ജോസഫ്, ബിനു തേവര, ജോജി സേവ്യർ എന്നിവർ മുൻ നിരയിൽ

# അനധികൃത വ്യാപാരം: കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് പ്രക്ഷോഭം ആരംഭിക്കും

**കൊച്ചി:** ചെറുകിട, ഇടത്തരം വ്യാപാരികളെ പ്രതിസന്ധിയിലാക്കിക്കൊണ്ട് അനധികൃതമായി നടക്കുന്ന വഴിയോരങ്ങളിലെയും വാഹനങ്ങളിലെയും കച്ചവടം അവസാനിപ്പിക്കാൻ അധികാരികൾ ഇനിയും നടപടിയെടുക്കുന്നില്ലെങ്കിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) യൂത്ത് വിംഗ് ശക്തമായ പ്രക്ഷോഭവുമായി രംഗത്തുവരുമെന്ന് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ് പറഞ്ഞു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജക മണ്ഡലം പ്രവർത്തക കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അനധികൃതമായി നടക്കുന്ന വഴിയോരക്കച്ചവടവും വാഹനങ്ങളിലെ വ്യാപാരവും അവസാനിപ്പിക്കണമന്നൊവശ്യപ്പെട്ട് നിരവധി തവണ കൊച്ചി കോർപ്പറേഷനും എറണാകുളം ആർടിഒയ്ക്കും പരാതി നൽകിയെങ്കിലും നടപടി സ്വീകരിക്കുമെന്ന് ഉറപ്പു നൽകിയതല്ലാതെ നാളിതുവരെ യാതൊരു വിധ നടപടിയും ഉണ്ടായിട്ടില്ല. ഇനിയും ഇതിനെതിരെ നോക്കി നിൽക്കാൻ കഴിയില്ലെന്നും നടപടിയില്ലെങ്കിൽ ശക്തമായി പ്രക്ഷോഭം ആരംഭിക്കുമെന്നും പ്രദീപ് ജോസ് പറഞ്ഞു. യൂത്ത് വിംഗ് നിയോജക മണ്ഡലം പ്രസിഡന്റ് ജംഷീർ വാഴയിലിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടെൻസൻ ജോർജ് , ട്രഷറർ എ. നടരാജ്, ദീപു ജോസഫ്, ബിനു തേവര, റഷീദ് തേവര, ജോർജ് ജെയിൻ , ഷാജി കത്രിക്കടവ് , ജലീൽ ചിറ്റൂർ, അലൻ ജോസഫ്, സതീഷ് ചേരാനല്ലൂർ, ജോജി സേവ്യർ തുടങ്ങിയവർ സംസാരിച്ചു.

# നിർണയ ലാബ് നെറ്റുവർക്ക് സംവിധാനം യാഥാർത്ഥ്യമായി

**തിരുവനന്തപുരം:** സമഗ്ര ലബോറട്ടറി പരിശോധനകൾ താഴെത്തട്ടിൽ ഉറപ്പ് വരുത്തുന്നതിനായി സർക്കാർ മേഖലയിലെ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലബോറട്ടറി ശൃംഖലയുടെ (ഹബ് ആന്റ് സ്പോക്ക്) ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സർക്കാർ ലാബുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഗുണനിലവാരം ഉയർത്തുകയും ലാബുകളെ പരസ്പരം ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ ബന്ധിപ്പിക്കുകയും ചെയ്തു. ഇതിലൂടെ സൗജന്യമായോ മിതമായ നിരക്കിലോ വീടിന് തൊട്ടടുത്ത് പരിശോധന നടത്താം. കേരളത്തിന്റെ രോഗപരിശോധനാ ചരിത്രത്തിലെ വിപ്ലവകരമായ മുന്നേറ്റമാണ് നിർണയ എന്നും മന്ത്രി പറഞ്ഞു.

അടിസ്ഥാന ലാബ് പരിശോധനകൾ, സങ്കീർണ ലാബ് പരിശോധനകൾ, എഎംആർ സർവയലൻസ്, മെറ്റാബോളിക്ക് സ്ക്രീനിങ്, ടിബി ക്യാൻസർ സ്ക്രീനിങ്, ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ പരിശോധനകൾ, സാംക്രമിക രോഗ നിർണയവും നിരീക്ഷണവും എന്നിങ്ങനെ ലബോറട്ടറി പരിശോധനകളെ 7 ഡൊമൈനുകളായി തരം തിരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ തലത്തിൽ തന്നെ പൊതുജനങ്ങൾക്ക് പ്രാപ്യമാക്കുന്ന ഈ സംവിധാനം രാജ്യത്ത് തന്നെ ആദ്യമായാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള 1300 ഓളം ലാബുകൾ നിലവിൽ നിർണയ പദ്ധതിയുടെ ഭാഗമാണ്. ഇതിൽ വിവിധ ജില്ലകളിലായി ഇരുനൂറിലധികം ഹബ്ബ് ലാബുകളും 1100 ഓളം സ്പോക്ക് ലാബുകളും ഉൾപ്പെടുന്നു.

കേരള സർക്കാരിന്റെ ഇ ഹെൽത്ത് പോർട്ടൽ വഴിയാണ് റിസൾട്ട് ലഭ്യമാകുന്നത്. പോർട്ടലിലും, എസ്എംഎസ് ആയും, എംഇ ഹെൽത്ത് മൊബൈൽ ആപ്പ് വഴിയും റിസൾട്ട് ലഭ്യമാകും. ഇന്ത്യൻ പോസ്റ്റൽ സർവീസും ഈ പദ്ധതിയുമായി സഹകരിക്കുന്നു.

കൂടുതൽ സങ്കീർണമായ ടെസ്റ്റുകൾ കുടുംബാരോഗ്യ/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ തലത്തിൽ തന്നെ സാധ്യമാകുന്നു. ദൂരെയുള്ള ഹബ് ലാബിൽ നേരിട്ട് ചെല്ലാതെ തന്നെ പരിശോധനകൾ നടത്തുവാൻ രോഗിക്ക് സാധിക്കുന്നു. മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുള്ള, ഗുണനിലവാരമുള്ള പരിശോധനകൾ, കുറഞ്ഞ ചിലവിൽ രോഗിക്ക് സാധ്യമാകുന്നു. ടെസ്റ്റ് റിസൾട്ടുകൾ, സാമ്പിളുകൾ പരിശോധനയ്ക്കായി നൽകിയ സ്പോക്ക് ലാബുകളായ ഹെൽത്ത് സെന്ററിൽ നിന്ന് തന്നെ സമയബന്ധിതമായി രോഗിക്ക് ലഭിക്കുന്നു. കൂടാതെ പരിശോധനാ സമയത്ത് നൽകിയ വെരിഫൈഡ് രജിസ്റ്റർഡ് മൊബൈൽ നമ്പറിൽ എസ്.എം.എസ്. ആയും രോഗിക്ക് ലഭിക്കുന്നു.

ഈ സംവിധാനത്തിലൂടെ പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ചികിത്സ ഉറപ്പാക്കുവാൻ സാധിക്കുന്നു. ഇതിലൂടെ രോഗികളുടെ ചികിത്സാ ചെലവ് കുറയ്ക്കുകയും ചെയ്യുന്നു. നവകേരളം കർമ്മപദ്ധതിയിലും ആർദ്രം പദ്ധതിയിലും വിഭാവനം ചെയ്ത സമ്പൂർണ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിലെ നിർണായക ചുവടുവെപ്പാണ് നിർണയ.

# സിഎസ്ഐകെ കേരള ചാപ്റ്റർ വാർഷിക സമ്മേളനം

**കൊച്ചി:** കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ, കേരള ചാപ്റ്റർ 2025 വാർഷിക സംസ്ഥാന സമ്മേളനം നവംബർ 1, 2 തീയതികളിൽ കൊച്ചിയിലെ ഹോട്ടൽ ഗ്രാൻഡ് ഹയാത്തിൽ നടക്കും. സംസ്ഥാനത്തെ മുന്നൂറിലധികം കാർഡിയോളജിസ്റ്റുകളും, ഗവേഷകരും, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും പങ്കെടുക്കും. സമ്മേളനത്തിന്റെ ഉദ്ഘാടനം നവംബർ രണ്ടിന് സിഎസ്ഐകെ പ്രസിഡന്റ് ഡോ. ശിവപ്രസാദ് നിർവ്വഹിക്കും. ഓർഗനൈസിങ് ചെയർമാൻ ഡോ. ആനന്ദ് കുമാർ വി, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. പോൾ തോമസ്, ഡോ. വിജോ ജോർജ്, ട്രഷറർ; സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. പി. കെ. അശോകൻ, സിഎസ്ഐകെ സെക്രട്ടറി ഡോ. എസ്. എം. അഷ്റഫ്, ട്രഷറർ ഡോ. പി. രവീന്ദ്രൻ എന്നിവർ സംസാരിക്കും. ഹൃദ്രോഗം സംസ്ഥാനത്തെ ആരോഗ്യ മേഖല നേരിടുന്ന സുപ്രധാന വെല്ലുവിളികളിലൊന്നായി തുടരുന്ന സാഹചര്യത്തിൽ, രോഗനിർണയം, പ്രതിരോധം, ചികിത്സ എന്നിവയിലെ പുരോഗതിയിലാണ് സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് ഓർഗനൈസിങ് ചെയർമാൻ ഡോ. വി. ആനന്ദ് കുമാർ പറഞ്ഞു. രക്താതിമർദ്ദം, പൊണ്ണത്തടി, പ്രമേഹം, ജീവിതശൈലിയുമായി ബന്ധപ്പെട്ട ഹൃദയ സംബന്ധമായ അപകടസാധ്യതകളെക്കുറിച്ച് പൊതുജനാവബോധം സൃഷ്ടിക്കുകയും, നൂതന ശാസ്ത്ര നേട്ടങ്ങളിൽ നിന്ന് മികച്ച സമൂഹിക ഫലങ്ങൾ ഉറപ്പാക്കുകയുമണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. ഹൃദയത്തിന്റ ഘടനാപരമായ പ്രശ്നങ്ങളിലെ ഇടപെടലുകൾ, ഹൃദയസ്തംഭന ചികിത്സ, പ്രിവന്റീവ് കാർഡിയോളജി എന്നിവയെക്കുറിച്ചുള്ള വിദഗ്ദ്ധ സെഷനുകളും യുവ കാർഡിയോളജിസ്റ്റുകൾക്കുള്ള പിജി സെഷനുകളും രണ്ടു ദിവസത്തെ സമ്മേളനത്തിലുണ്ടെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ.പോൾ തോമസ് പറഞ്ഞു.

## ജിഹാൻ മാത്യു നല്ല : പഞ്ച ഗുസ്തി ജില്ലാ ചാംപ്യൻ



**കൊച്ചി:** 48ാമത് എറണാകുളം ജില്ലാ പഞ്ചഗുസ്തി മത്സരത്തിൽ 65 കിലോ ജൂനിയർ ലെഫ്റ്റ് ഹാൻഡ് വിഭാഗത്തിൽ ജിഹാൻ മാത്യു നല്ല ചാംപ്യനായി. പൊറ്റക്കുഴി തെരേസാ സ്പിനെല്ലി പബ്ലിക് സ്കൂൾ 11ാം ക്ലാസ്സ് വിദ്യാർത്ഥിയാണ് ജിഹാൻ മാത്യു നല്ല.

## സാക്ഷരതാമിഷൻ തുല്യതാ, ബിരുദ കോഴ്സുകളുടെ ജില്ലാതല ഉദ്ഘാടനം നടന്നു

**പാലക്കാട്:** കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ നടത്തുന്ന തുല്യതാ കോഴ്സുകൾ, പച്ചമലയാളം കോഴ്സ്, ശ്രീനാരായണാ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് നടത്തുന്ന ബിരുദ കോഴ്സ് എന്നിവയുടെ ജില്ലാതല ഉദ്ഘാടനം നടന്നു.

പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബിനുമോൾ ഉദ്ഘാടനം നിർവഹിച്ചു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.കെ.ചാമുണ്ണി അധ്യക്ഷത വഹിച്ച. വിരമിച്ച പ്രേരക്മാരെ ആദരിക്കുകയും, ജില്ലയിൽ ഹയർ സെക്കന്ററി തുല്യതാ കോഴ്സിൽ ഉന്നത വിജയം നേടിയ പഠിതാക്കളെ അനുമോദിക്കുകയും ചെയ്തു.

ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശാലിനി കറുപ്പേഷ് തുല്യതാ കോഴ്സ് പാഠപുസ്തക വിതരണം നൽകി. സംസ്ഥാന സാക്ഷരതാ മിഷൻ അസി.ഡയറക്ടർ ഡോ.ലിജോ ജോർജ്ജ് മുഖ്യ പ്രഭാഷണം നടത്തി. ശ്രീനാരായണാഗുരു ഓപ്പൺ യൂണിവേഴ്സിറ്റി എറണാകുളം റീജണൽ കോർഡിനേറ്റർ ഡോ. ടോജോമോൻ ബിരുദ കോഴ്സ് സംബന്ധിച്ചുള്ള വിശദീകരണവും നൽകി. ബിരുദ കോഴ്സിൽ ഏറ്റവും കൂടുതൽ പഠിതാക്കളെ രജിസ്റ്റർ ചെയ്ത പ്രേരക് എം.കെ ദേവിയെ പരിപാടിയിൽ ആദരിച്ചു. സംസ്ഥാന സാക്ഷരതാ മിഷൻ അസി.ഡയറക്ടർ ഡോ.ലിജോ ജോർജ്ജ്, ശ്രീനാരായണാ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി എറണാകുളം റീജണൽ കോർഡിനേറ്റർ ഡോ. ടോജോമോൻ എന്നിവർ ശ്രീനാരായണാഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ബിരുദ കോഴ്സിന് രജിസ്റ്റർ ചെയ്ത പഠിതാക്കളുമായി സംവദിച്ചു.

ജില്ലാ സാക്ഷരതാ സമിതി അംഗം ഒ. വിജയൻ മാസ്റ്റർ, ജില്ലാ റിസോഴ്സ് പേഴ്സൺ കെ.വി.ജയൻ, ജില്ലാ സാക്ഷരതാമിഷൻ കോർഡിനേറ്റർ സജിതോമസ്, അസി.കോർഡിനേറ്റർ പാർവ്വതി എന്നിവർ പങ്കെടുത്തു.

## എസ്.ഐ.ആർ 2025 മായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു

**പാലക്കാട്:** എസ്.ഐ.ആർ 2025 മായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ എം എസ് മാധവിക്കുട്ടിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പരിശീലനം നൽകി. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ എന്നിവർക്കാണ് പരിശീലനം നൽകിയത്. എസ്.ഐ.ആർ നടത്തുന്നതിന്റെ പ്രായോഗികതയും സ്വീകരിക്കേണ്ട നടപടി ക്രമങ്ങളെയും കുറിച്ച് ജില്ലാ കലക്ടർ യോഗത്തിൽ സംസാരിച്ചു. ടകഞ മായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെയും ബൂത്ത് ലെവൽ ഓഫീസർമാരുടെയും ചുമതലകൾ സംബന്ധിച്ചും ആഘചമാർ ഫീൽഡിൽ പോകുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങളെയും കുറിച്ചും ജില്ലാ ഇലക്ഷൻ അസിസ്റ്റന്റ് പി.എ ടോംസ് ക്ലാസ് എടുത്തു. ബൂത്ത് ലെവൽ ഓഫീസർമാർക്കും ബൂത്ത് ലെവൽ സൂപ്പർവൈസർമാർക്കും എസ്ഐആർ പ്രക്രിയയെ കുറിച്ചുള്ള പരിശീലനം ഒക്ടോബർ 31 നകം ഇ.ആർ.ഒമാർ പൂർത്തിയാക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

എല്ലാ ബൂത്ത് ലെവൽ ഓഫീസർമാരും എസ്.ഐ.ആർ നടത്തിപ്പിന് മുന്നോടിയായി ബൂത്ത് ലെവൽ ഏജന്റുമാരുടെ യോഗം ചേരണം. എല്ലാ ഇ.ആർ.ഒമാരും അതത് മണ്ഡലങ്ങളിലെ രാഷ്ട്രീയകക്ഷി പ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്ത് കാര്യങ്ങൾ വിശദീകരിച്ച് സംശയനിവാരണം നടത്തേണ്ടതാണെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഒറ്റപ്പാലം സബ് കലക്ടർ അഞ്ജീത് സിംഗ്, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എസ്. സജീദ്, മറ്റ് ഡെപ്യൂട്ടി കളക്ടർമാർ, തഹസിൽദാർമാർ എന്നിവർ പങ്കെടുത്തു.

# മാറുന്ന തൊഴിൽ സാഹചര്യങ്ങളെ നേരിടാൻ കേരളത്തിനാകണം: മന്ത്രി കെ എൻ ബാലഗോപാൽ

**തിരുവനന്തപുരം:** ലോകത്തെ മാറുന്ന തൊഴിൽ സാഹചര്യങ്ങളെ നേരിടാൻ കേരളത്തിനാകണമെന്ന് ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ. തൊഴിലും നൈപുണ്യവും വകുപ്പിന്റെ വിഷൻ 2031 സംസ്ഥാനതല സെമിനാർ ദി ക്വയിലോൺ ബീച്ച് ഹോട്ടലിലെ ഓർക്കിഡ് കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഗിഗ് ഇക്കോണമി പോലുള്ള സംവിധാനങ്ങൾ വളരുന്ന കാലത്ത് കേരളം വർഷങ്ങളായി പിന്തുടരുന്ന സമത്വം, നീതി, സുരക്ഷിതവും മാന്യവുമായ തൊഴിൽ അന്തരീക്ഷം തുടങ്ങിയവ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ഇന്ത്യയിൽ ഉയർന്ന ജീവിതനിലവാരം ഉള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സ്ത്രീകളുടെ പങ്കാളിത്തം പരമ്പരാഗത വ്യവസായ തൊഴിൽ മേഖലകളിൽ ഉൾപ്പെടെ ശ്രദ്ധേയമാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ കൂലി നൽകുന്നത് കേരളത്തിലാണ്. മിനിമം വേതനം ഉൾപ്പടെ പ്രഖ്യാപിച്ചു. സ്ത്രീകൾക്കായി ധാരാളം ക്ഷേമപദ്ധതികൾ നടപ്പാക്കി സാമൂഹിക ജീവിതം മെച്ചപ്പെടുത്തിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്.

സമസ്ത മേഖലകളിലും വികസനവും ആനുകൂല്യങ്ങളും സർക്കാർ ഉറപ്പാക്കുന്നു. സാമൂഹിക ക്ഷേമ പെൻഷൻ 2000 രൂപയാക്കി. വീട്ടമ്മമാർ, യുവതിയുവാക്കൾ, അങ്കണവാടി, ആശാ പ്രവർത്തകർ, പാചക തൊഴിലാളികൾ തുടങ്ങി എല്ലാവരെയും സർക്കാർ ചേർത്തു പിടിക്കുന്നു. ആഭ്യന്തര വരുമാനത്തിൽ കേരളം മുന്നിലാണ്; ഈ വർഷം 95000 കോടി രൂപയാണ്. അടുത്ത വർഷം ഇത് ഒരു ലക്ഷം കോടി രൂപയാകും. സംസ്ഥാനത്തിന് അർഹമായ അനുകൂല്യങ്ങൾ ലഭിക്കുന്നില്ലെങ്കിലും ചെലവ് കുറച്ചിട്ടില്ല. 1,75000 കോടി രൂപയാണ് സർക്കാർ വിവിധ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമായി ചെലവാക്കിയത്.

സംഘടിത തൊഴിൽ ഇടങ്ങളുടെ അഭാവം, ഗിഗ് തൊഴിൽ രീതിയുടെ വെല്ലുവിളികൾ, നിർമിതബുദ്ധി ഉണ്ടാക്കുന്ന തൊഴിലില്ലായ്മ പ്രശ്നങ്ങൾ തുടങ്ങിയ അവസ്ഥകളെ എങ്ങനെ മറികടക്കാമെന്ന ആശയങ്ങൾ ഈ സെമിനാറിലൂടെ ഉരുത്തിരിയണമെന്നും ട്രേഡ് യൂണിയൻ പ്രതിനിധികളുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി തൊഴിൽ അവകാശങ്ങൾ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയണമെന്നും മന്ത്രി വ്യക്തമാക്കി.

ഓരോ തൊഴിലാളിക്കും നിയമാനുസൃതമായ വേതനം, സുരക്ഷിത തൊഴിൽ സാഹചര്യങ്ങൾ, സാമൂഹിക സംരക്ഷണം, നിരന്തരമായ നൈപുണ്യ വികസനം എന്നിവയ്ക്ക് പ്രഥമ പരിഗണനയാണ് സർക്കാർ നൽകുന്നതെന്ന് അധ്യക്ഷനായ തൊഴിലും നൈപുണ്യവും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. സമത്വം, നീതി, കരുതൽ എന്നീ അടിസ്ഥാന മൂല്യങ്ങളെ ആധാരമാക്കിയാണ് 'വിഷൻ 2031' രൂപപ്പെടുത്തിയിട്ടുള്ളത്. ഗിഗ്, പ്ലാറ്റ്ഫോം, റിമോട്ട് വർക്ക് തുടങ്ങിയ പുതിയ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്കും ക്ഷേമപരമായ, സുരക്ഷിതത്വം ഉറപ്പാക്കുന്ന നയങ്ങൾ ആവിഷ്കരിക്കും. പരമ്പരാഗത തൊഴിൽ മേഖലകൾക്ക് പുതുജീവൻ നൽകും. ആധുനിക സംവിധാനങ്ങളിലൂടെയും നവസാങ്കേതികവിദ്യകൾ ഉൾക്കൊള്ളുന്നതിലൂടെയും ഈ മേഖലകളെ പുനരുജ്ജീവിപ്പിക്കുകയും തൊഴിലാളികളുടെ ഉപജീവന മാർഗങ്ങൾ സംരക്ഷിക്കുകയും ചെയ്യും. അതിഥി തൊഴിലാളികൾക്ക് സമഗ്രമായ സാമൂഹിക സംരക്ഷണവും സൗഹൃദപരമായ തൊഴിലന്തരീക്ഷവും ഉറപ്പാക്കും. യുവജനങ്ങളുടെ കഴിവിനെ ആഗോള നിലവാരത്തിലേക്ക് ഉയർത്തും. ഇതിലൂടെ കേരളത്തെ, രാജ്യത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായിക നൈപുണ്യ ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യം. ഇത് പ്രാവർത്തികമാക്കാൻ സർക്കാർ, തൊഴിലുടമകൾ, തൊഴിലാളി സംഘടനകൾ, പൊതുസമൂഹം ഉൾപ്പെടെ ഉള്ളവരുടെ പിന്തുണയും മന്ത്രി ആവശ്യപ്പെട്ടു.

കേരളത്തിലെ തൊഴിൽ ഇടങ്ങളിലെ സ്വാതന്ത്ര്യവും സാമ്പത്തിക സുരക്ഷിതത്വവും തൊഴിലാളികളെ സംരക്ഷിച്ചുള്ള നയരൂപീകരണവും മാതൃകപരമാണെന്ന് മുഖ്യാതിഥിയായ ഐ എൽ ഒ ഡയറക്ടർ മിചികോ മിയാമോട്ടോ പറഞ്ഞു.

കഴിഞ്ഞ ഒമ്പത് വർഷത്തെ നേട്ടങ്ങൾ ലേബർ കമ്മീഷണർ സഫ്ന നസറുദ്ദീൻ അവതരിപ്പിച്ചു. എം.എൽ.എമാരായ എം നൗഷാദ്, സുജിത്ത് വിജയൻപിള്ള, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. പി കെ ഗോപൻ, ജില്ലാ കലക്ടർ എൻ ദേവിദാസ്, മുൻ മന്ത്രിമാരായ എളമരം കരീം, ജെ മേഴ്സികുട്ടിഅമ്മ, സാഗതസംഘം കൺവീനർ എസ് ജയമോഹൻ, എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിങ് ഡയറക്ടർ സുഫിയാൻ അഹമദ്, ടെരുമോ പെൻപോൾ മുൻ എം.ഡി സി പത്മകുമാർ, പ്ലാനിങ് ബോർഡ് അംഗം ഡോ. രവി രാമൻ, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജയേഷ്, ഐ എൽ ഒ നാഷണൽ പ്രൊജക്റ്റ് കോർഡിനേറ്റർ കരുൺ ഗോപിനാഥ് തുടങ്ങിയവർ പങ്കെടുത്തു.

# കെഎസ്ആർടിസിയിൽ ഡിജിറ്റലൈസേഷൻ സമ്പൂർണമാകുന്നു: മന്ത്രി ഗണേഷ് കുമാർ

**തിരുവനന്തപുരം:** രാജ്യത്ത് ആദ്യമായി സമ്പൂർണ ഡിജിറ്റലൈസേഷൻ നടപ്പിലാക്കുന്ന ട്രാൻസ്പോർട്ട് കോർപ്പറേഷനായി കെഎസ്ആർടിസി മാറിയതായി ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാർ പറഞ്ഞു. കെഎസ്ആർടിസിയുടെ എട്ട് പ്രധാന പദ്ധതികളുടെ ഉദ്ഘാടനം കെഎസ്ആർടിസി ചീഫ് ഓഫീസിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ, എ ഐ ഷെഡ്യൂളിംഗ് സംവിധാനം, തീർത്ഥാടന ടൂറിസം പദ്ധതി, റോളിങ് ആഡ്സ് പരസ്യ മോഡ്യൂൾ, വാഹന പുക പരിശോധനാ കേന്ദ്രം, ഹാപ്പി ലോംഗ് ലൈഫ് സൗജന്യ യാത്രാ കാർഡ് വിതരണം, ദീർഘദൂര ബസുകളിലെ യാത്രക്കാരായ കുട്ടികൾക്കുള്ള ഗിഫ്റ്റ് ബോക്സ് വിതരണം, കെഎസ്ആർടിസിയിലെ വനിതാ ജീവനക്കാർക്കായി സൗജന്യ ക്യാൻസർ രോഗ നിർണ്ണയം എന്നിവ മന്ത്രി ഉദ്ഘാടനം ചെയ്തു.

കെഎസ്ആർടിസി സാങ്കേതികമായി വൻ മുന്നേറ്റമാണ് നടത്തിയിരിക്കുന്നത്. എ ഐ അധിഷ്ഠിത ഡിജിറ്റലൈസേഷനിലൂടെ കെഎസ്ആർടിസിയിലെ എല്ലാ സംവിധാനങ്ങളും ഒറ്റ ഡാഷ്ബോർഡിൽ ഏകോപിപ്പിച്ചു. സ്ഥാപനത്തിന്റെ അക്കൗണ്ട്സ്, കൊറിയർ, സ്പെയർ പാർട്സ് വാങ്ങൽ, റീ ഓർഡറിങ്, ഡിസ്ട്രിബ്യൂഷൻ, ബജറ്റ് ടൂറിസം, എസ്റ്റേറ്റ് വാടക പിരിക്കൽ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും. ഡിജിറ്റൽ യൂണിവേഴ്സിറ്റി, സ്റ്റാർട്ടപ്പ് മിഷൻ എന്നിവയുടെ സാങ്കേതിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനായുള്ള സോഫ്റ്റ്വെയർ കെഎസ്ആർടിസിയ്ക്ക് വേണ്ടി പ്രത്യേകമായി വികസിപ്പിച്ചതാണെന്ന് മന്ത്രി പറഞ്ഞു.

കെഎസ്ആർടിസിയിൽ സജീവമായ അനവധി വികസന മാറ്റങ്ങൾ നടപ്പിലാക്കി വരികയാണ്. ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ തീർത്ഥാടന ടൂറിസം പദ്ധതി മന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. ആദ്യഘട്ടത്തിൽ കേരളം തമിഴ്നാട് സംസ്ഥാനങ്ങളിലെ പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രങ്ങൾ കണക്ട് ചെയ്താണ് സേവനം തുടങ്ങുന്നത്. കെഎസ്ആർടിസിയിൽ എംപാനൽ ചെയ്ത് പരസ്യം മാർക്കറ്റ് ചെയ്ത് നൽകുന്നവർക്ക് 10 ശതമാനം പരസ്യ കമ്മീഷനായി നൽകുമെന്നും മന്ത്രി പറഞ്ഞു.

കെഎസ്ആർടിസി വാഹന പുക പരിശോധന കേന്ദ്രങ്ങൾ ആരംഭിക്കുന്നു. പൊതുജനങ്ങൾക്കും ഈ സേവനം ഉപയോഗപ്പെടുത്താം. വികാസ് ഭവനിൽ ആദ്യ കേന്ദ്രം പൂർത്തിയായി. സംസ്ഥാനത്തുടനീളം കെഎസ്ആർടിസി പുക പരിശോധന കേന്ദ്രങ്ങളും കൂടുതൽ ഡ്രൈവിംഗ് സ്കൂളുകളും തുടങ്ങും. ദീർഘദൂര യാത്രകൾക്കുള്ള സ്ലീപ്പർ ബസ് വാങ്ങിയതായും, വോൾവോ സ്ലീപ്പർ ബസുകൾ വാങ്ങുന്ന ആദ്യത്തെ ട്രാൻസ്പോർട്ട് കോർപ്പറേഷനാണ് കെഎസ്ആർടിസിയെന്നും മന്ത്രി പറഞ്ഞു. ദീർഘദൂര ബസ്സിൽ യാത്ര ചെയ്യുന്ന കുട്ടികൾക്ക് ക്രയോൺസ്, ചിത്രം വരയ്ക്കാനുള്ള പുസ്തകം, ബലൂൺ, ടിഷ്യു പേപ്പർ എന്നിവയുള്ള ഗിഫ്റ്റ് ബോക്സ് നൽകും. ദീർഘദൂര ബസ്സിൽ ലഘു ഭക്ഷണം നൽകാനുള്ള പദ്ധതി, ബസ് ക്ലീനിംഗ് കുടുംബശ്രീയെ ഏൽപ്പിക്കൽ തുടങ്ങിയവ ചർച്ചയിലാണെന്നും ഉടനെ നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു.

കെഎസ്ആർടിസിയിലെ വനിതാ ജീവനക്കാർക്കായി ഓങ്കോളജിസ്റ്റ് ഡോ. ഗംഗാധരന്റെ നേതൃത്വത്തിൽ സൗജന്യ ക്യാൻസർ രോഗ നിർണ്ണയ പദ്ധതി തുടങ്ങുകയാണ്. അടുത്ത ഘട്ടമായി ജീവനക്കാരുടെ ക്യാൻസർ ചികിത്സയ്ക്കുള്ള ചെലവ് കമ്പനികളുടെ സി എസ് ആർ ഫണ്ടിലൂടെ കണ്ടെത്തും. ജീവനക്കാരുടെ ആത്മാർത്ഥ പരിശ്രമത്തിലൂടെയാണ് കെഎസ്ആർടിസി മാതൃകപരമായ ഇത്തരം നേട്ടങ്ങൾ കൈവരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

കെഎസ്ആർടിസി സിഎംഡി ഡോ. പി. എസ് പ്രമോജ് ശങ്കർ, വാട്ടർ ട്രാൻസ്പോർട്ട് വകുപ്പ് ഡയറക്ടർ ഷാജി വി നായർ, കെഎസ്ആർടിസി സാമ്പത്തിക ഉപദേഷ്ടാവും ചീഫ് അക്കൗണ്ട്സ് ഓഫീസറുമായ എ ഷാജി, എക്സിക്യൂട്ടീവ് ഡയറക്ടർ പി എം ഷറഫ് മുഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു.



## ചൈൽഡ് ന്യൂറോളജി അവെയർനെസ് ദിനാചരണം

**കൊച്ചി :** അമൃത ആശുപത്രിയിൽ ചൈൽഡ് ന്യൂറോളജി അവെയർനെസ് പ്രോഗ്രാം 2025 ആചരിച്ചു. കുട്ടികളിൽ കാണപ്പെടുന്ന ന്യൂറോളജിക്കൽ രോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം വർധിപ്പിക്കുക, രോഗികളും രക്ഷിതാക്കളും നേരിടുന്ന വെല്ലുവിളികൾ മനസിലാക്കുക എന്നിവയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. 'വൈകല്യം അല്ല, കഴിവ് കാണുക' എന്ന പ്രമേയവുമായി അമൃത ആശുപത്രിയിലെ പീഡിയാട്രിക് ന്യൂറോസയൻസ് വിഭാഗം ആണ് പരിപാടി സംഘടിപ്പിച്ചത്. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ ദിനാചരണം ഉദ്ഘാടനം ചെയ്തു. കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്സ് സെക്രട്ടറി ഡോ. സുരേഷ് കുമാർ മുഖ്യാതിഥി ആയിരുന്നു. കൊച്ചി അമൃത ആശുപത്രിയിലെ പീഡിയാട്രിക് ന്യൂറോളജി വിഭാഗം മേധാവി ഡോ. കെ.പി വിനയൻ, ഡോ. അസ്മി ഹബീബ് തുടങ്ങിയവർ സംസാരിച്ചു. പീഡിയാട്രിക് ന്യൂറോളജി വിഭാഗം അസോസിയേറ്റ് പ്രൊഫ. ഡോ. വൈശാഖ് ആനന്ദ് 'മസ്തിഷ്ക രോഗം എന്ത്? എങ്ങനെ?' എന്ന വിഷയത്തിൽ ബോധവൽക്കരണ പ്രഭാഷണം നടത്തി. തുടർന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന രോഗികളും അവരുടെ കുടുംബങ്ങളും അനുഭവങ്ങൾ പങ്കുവച്ചു.

## കുട്ടികളുടെ പുസ്തകോത്സവം നടന്നു

**കൊച്ചി:** നൂറോളം വിദ്യാലയങ്ങളിൽ കുട്ടികളുടെ പുസ്തകോത്സവം നടന്നു. വിദ്യാർത്ഥികൾ അവരുടെ ഹോം ലൈബ്രറിയിലെ പുസ്തകങ്ങൾ വിദ്യാലയത്തിൽ കൊണ്ടുവന്നു പുസ്തകോൽസവത്തിന്റെ ഭാഗമായി പ്രദർശിപ്പിച്ചു. മത്സരിച്ച ഓരോ വിദ്യാലയത്തിൽ നിന്നും ഓരോ കുട്ടിയെ വീതം തെരഞ്ഞെടുത്ത് ആ കുട്ടിക്ക് 500 രൂപയുടെ പുസ്തകങ്ങളും മെമെന്റോയും നൽകും. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പങ്കെടുത്ത, പുസ്തകങ്ങൾ പ്രദർശിപ്പിച്ച മൂന്നു വിദ്യാലയങ്ങൾ, യഥാക്രമം എൻ എസ്എസ് ഹൈസ്കൂൾ തൃപ്പൂണിത്തുറ, ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ തൃപ്പൂണിത്തുറ, ബാപ്പുജി ഇംഗ്ലീഷ് മീഡിയം സ്കൂൾ കൂത്താട്ടുകുളം എന്നിവർ ഒന്ന്, രണ്ട് മൂന്ന് സ്ഥാനങ്ങൾക്ക് സമ്മാനാർഹരായി. തെരഞ്ഞെടുക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അയ്യായിരം, മൂവായിരം, ആയിരം രൂപ മുഖവില വരുന്ന പുസ്തകങ്ങളും ഫലകവും അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ വച്ച് നവംബർ 9നു രാവിലെ 10. 30 ന് സമ്മാനിക്കും. ചടങ്ങിൽ മട്ടാഞ്ചേരി ടി. ഡി. ഹൈസ്കൂളിലെ ദേവാംശ് എസ് പൈയെ അനുമോദിക്കും.

## മനോജ് പസങ്ക ആശിർവാദ് മൈക്രോ ഫിനാൻസ് ഡെപ്യൂട്ടി സിഇഒ



**തൃശൂർ:** മണപ്പുറം ഫിനാൻസിനു കീഴിലുള്ള പ്രമുഖ മൈക്രോ ഫിനാൻസ് സ്ഥാപനമായ ആശിർവാദ് മൈക്രോ ഫിനാൻസ് ലിമിറ്റഡ്, കമ്പനി ഡെപ്യൂട്ടി സിഇഒ ആയി ജെറാർഡ് ഡേവിഡ് മനോജ് പസങ്കയെ നിയമിച്ചു. കമ്പനിയുടെ സേവനം മെച്ചപ്പെടുത്തുന്നതിനും വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന അദ്ദേഹം വലപ്പാട് ആസ്ഥാനമായാണ് പ്രവർത്തിക്കുക. ധനകാര്യ സേവന മേഖലയിൽ മൂന്നു പതിറ്റാണ്ടിലേറെ പരിചയ സമ്പത്തുണ്ട്. ആശിർവാദിൽ ചേരുന്നതിനു മുമ്പ് ഐഐഎഫ്എൽ സമസ്തയിൽ പ്രസിഡന്റും ഡെപ്യൂട്ടി സിഇഒയുമായിരുന്നു. ഐഎൻജി ലൈഫ് ഇന്ത്യയിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, ഭാരതി ഫിനാൻഷ്യൽ ഇൻക്ലൂഷൻ ലിമിറ്റഡിൽ (ഇൻഡസ് ഇൻഡ് ബാങ്കിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാപനം) ദക്ഷിണ മേഖലാ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആശിർവാദിന്റെ നേതൃ നിരയിലേക്ക് മനോജ് പസങ്കയെ സ്വാഗതം ചെയ്യാൻ സന്തോഷമുണ്ടെന്ന് ആശിർവാദ് മൈക്രോ ഫിനാൻസ് ചെയർമാൻ വി പി നന്ദകുമാർ പറഞ്ഞു.



### കേരളത്തിന്റെ നടക്കാവ് മോഡൽ ജമ്മു കശ്മീരിലേക്കും

# പൊതുവിദ്യാഭ്യാസ പരിഷ്കരണവുമായി ഫൈസൽ ആന്റ് ശബാന ഫൗണ്ടേഷൻ

**കൊച്ചി:** സമഗ്ര പൊതുവിദ്യാഭ്യാസ നവീകരണത്തിന്റെ ഭാഗമായ കേരളത്തിലെ നടക്കാവ് സ്കൂൾ മോഡൽ ജമ്മു കശ്മീരിലേക്കും വ്യാപിപ്പിച്ച് ഫൈസൽ ആന്റ് ഷബാന ഫൗണ്ടേഷൻ. ഇതിന്റെ ഭാഗമായി ശ്രീനഗറിലെ കൊത്തിബാഗ് ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം കെഇഎഫ് ഹോൾഡിങ്സ് ചെയർമാനും ഫൈസൽ ആൻഡ് ഷബാന ഫൗണ്ടേഷൻ സ്ഥാപകരായ ഫൈസൽ കൊട്ടിക്കോളനും ഷബാന ഫൈസലും ചേർന്ന് നിർവഹിച്ചു. ജമ്മു കശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിന്ഹ മുഖ്യാതിഥിയായി. സ്കൂളിൽ നടപ്പാക്കുന്ന പുതിയ പദ്ധതികളുടെ ഉദ്ഘാടനവും ഗവർണർ നിർവഹിച്ചു.

ചടങ്ങിൽ ജമ്മു കശ്മീർ സ്കൂൾ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ആർ.എൻ. ശർമ, വിദേശകാര്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ഡോ. അമൻ പുരി, മുൻ ഐ.എഫ്.എസ്. ഉദ്യോഗസ്ഥൻ സഞ്ജയ് സുധീർ, ഷറഫ് ഗ്രൂപ്പിന്റേയും (യുഎഇ) യു.ഐ.ബി.സിയു.സിയുടേയും വൈസ് ചെയർമാനായ മുൻ മേജർ ജനറൽ ഷറഫുദ്ദീൻ ഷറഫ്, കശ്മീർ സ്കൂൾ എഡ്യുക്കേഷൻ ഡയറക്ടർ ജനറൽ ഡോ. ജി.എൻ. ഇട്ടൂ, യുഎഇ ഇന്ത്യ ബിസിനസ് കൗൺസിൽ യുഎഇ ചാപ്റ്ററിന്റെ നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

പുതിയ ബ്ലോക്കിൽ ആധുനിക ക്ലാസ് മുറികൾ, ഉന്നത റോബോട്ടിക്സ്, എസ്റ്റിഇഎം ലബോറട്ടറികൾ, സുസ്ഥിര അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ നടക്കാവ് മോഡൽ ജമ്മു കശ്മീരിലേക്കും വ്യാപിപ്പിക്കുന്നതിന്റെ തുടക്കമാണ് പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ നടപ്പാക്കിയ ഈ പദ്ധതി. കോഴിക്കോട് നടപ്പാക്കിയ നടക്കാവ് സ്കൂൾ പുനർനിർമാണ പദ്ധതി പ്രിസം പ്രമോട്ടിങ് റീജനൽ സ്കൂൾസ് ടു ഇന്റർനാഷനൽ സ്റ്റാൻഡേർഡ്സ് ത്രൂ മൾട്ടിപ്പിൾ ഇന്റർവെൻഷൻ ഇതിനകം തന്നെ കേരളത്തിലെ 977ത്തിലധികം സ്കൂളുകൾക്ക് പ്രചോദനമാകുകയും സംസ്ഥാനതലത്തിൽ സർക്കാർ വിപുലീകരിച്ചു. 120 വർഷം പഴക്കമുള്ള സ്കൂളാണ് നടക്കാവിൽ ഇത്തരത്തിൽ മാറ്റിയെടുത്തത്. ജമ്മു കശ്മീരിലെ പൊതു വിദ്യാഭ്യാസ രംഗത്തെ നവീകരണ പ്രവർത്തനങ്ങൾക്കായി മുന്നിട്ടിറങ്ങിയ ഫൈസൽ ആൻഡ് ഷബാന ഫൗണ്ടേഷൻ സ്ഥാപകരായ ഫൈസൽ കൊട്ടിക്കോളനെയും ഷബാന ഫൈസലിനെയും ലഫ്. ഗവർണർ മനോജ് സിൻഹ അഭിനന്ദിച്ചു.

ചടങ്ങിൽ യുഎഇ ഇന്ത്യ ബിസിനസ് കൗൺസിൽ (യുഎഇ ചാപ്റ്റർ) ബ്രിഡ്ജിംഗ് ഹൊറൈസൺസ്: യുഎഇഇന്ത്യ പാർട്ട്ണർഷിപ്പ് ആന്റ് ഫ്യൂച്ചർ ഓഫ് എഡ്യുക്കേഷൻ ലെഡ് ഡവലപ്മെന്റ്' എന്ന ഗവേഷണ

# രജത ജൂബിലി നിറവിൽ കിഫ്ബി

## ആഘോഷ പരിപാടികൾ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** രജത ജൂബിലി നിറവിലെത്തിയ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ആഘോഷ പരിപാടികൾ നവംബർ നാല് വൈകുന്നേരം ആറിന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

കിഫ്ബിയുടെ നേട്ടങ്ങൾ വിശദീകരിക്കുന്ന സുവനീറും ഇംഗ്ലീഷ് മലയാളം കോഫി ടേബിൾ ബുക്കും മുഖ്യമന്ത്രി പ്രകാശനം ചെയ്യും. മികച്ച പ്രവർത്തനം കാഴ്ചവച്ച പദ്ധതി നിർവഹണ ഏജൻസികൾ, കരാറുകാർ, മത്സര വിജയികൾ തുടങ്ങിയവർക്കുള്ള പുരസ്കാരങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്യുമെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ അറിയിച്ചു.

ധനകാര്യ മന്ത്രി അധ്യക്ഷനാകുന്ന ചടങ്ങിൽ വിവിധ മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എംപിമാർ, എംഎൽഎമാർ തുടങ്ങിയവർ സംബന്ധിക്കും. കിഫ്ബി അഡീഷണൽ സിഇഒ മിനി ആൻറണി സ്വാഗതം ആശംസിക്കും. സിഇഒ ഡോ.കെ.എം. ഏബ്രഹാം നവകേരള ദർശനവും കിഫ്ബിയും എന്ന വിഷയം അവതരിപ്പിക്കും. കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ കെ.പി. പുരുഷോത്തമൻ നന്ദി പറയും. ഉച്ചകഴിഞ്ഞ് രണ്ടു മുതൽ നാലു വരെ കനകക്കുന്ന് കൊട്ടാരത്തിൽ സെമിനാർ സെഷൻ ഉണ്ടായിരിക്കും. ഉദ്ഘാടനത്തെ തുടർന്ന് 7.30 മുതൽ റിമി ടോമി നയിക്കുന്ന സംഗീത നിശ.

സുപ്രധാനമായ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ധനസമാഹരണം നടത്തുന്നതിന് സംസ്ഥാന ധനകാര്യ വകുപ്പിന് കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കിഫ്ബി. 1999ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി നിയമ പ്രകാരം 1999 നവംബർ 11നാണ് കിഫ്ബി നിലവിൽ വന്നത്. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ കാലങ്ങളായി നിലനിന്നിരുന്ന വിടവ് നികത്തുക, സാമ്പത്തിക മേഖലയിൽ നിലനിന്നിരുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിൻറെ സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 2016ലെ നിയമ ഭേദഗതിയിലൂടെ കിഫ്ബിയെ കൂടുതൽ ശക്തീകരിച്ചു. സംസ്ഥാനത്തിൻറെ പ്രധാന അടിസ്ഥാന സൗകര്യ വികസന മേഖലകളായ പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം, സാങ്കേതികവിദ്യ, വ്യവസായം, ഗതാഗതം തുടങ്ങി ഏതാണ്ട് എല്ലാ മേഖലകളിലും കൈയൊപ്പു ചാർത്തുവാൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ട്.

ഭാവി വരുമാനത്തെ സുരക്ഷിതമാക്കിക്കൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തു നിൽക്കാതെ ആവശ്യമായ പശ്ചാത്തല സൗകര്യം ഉടൻ തന്നെ സൃഷ്ടിക്കുക എന്ന തത്വമാണ് കിഫ്ബിയിലൂടെ നടപ്പിലാക്കി വരുന്നത്. സംസ്ഥാന വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷം തോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി ലഭ്യമാക്കിക്കൊണ്ടും, അതോടൊപ്പം റിസർവ്വ് ബാങ്കും സെബിയും അംഗീകരിച്ച നൂതന ധനസമാഹരണ മാർഗങ്ങളിലൂടെ കിഫ്ബി നടത്തുന്ന തനതായ വിഭവസമാഹരണത്തിലൂടെയുമാണ് ഈ ലക്ഷ്യം കൈവരിക്കുന്നത്.

2016ലെ നിയമ ഭേദഗതിയെത്തുടർന്ന് 201617ലെ പുതുക്കിയ ബജറ്റിൽ വിവിധ മേഖലകളിലായി കിഫ്ബി വഴി ഏകദേശം 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നതിൽ നിന്നും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിൽ കിഫ്ബി ബഹുദൂരം സഞ്ചരിച്ചുകഴിഞ്ഞു. വിവിധ മേഖലകളിലെ കെട്ടിട നിർമാണങ്ങൾ, പാലങ്ങൾ, റോഡുകൾ, മറ്റ് നവീകരണ പദ്ധതികൾ എന്നിവ പൂർത്തിയാക്കാൻ കിഫ്ബിക്കു കഴിഞ്ഞു.

# 100 കോടി രൂപ നിക്ഷേപം പ്രഖ്യാപിച്ച് ആംവേ

**കൊച്ചി:** ഇന്ത്യയിൽ ഉൽപ്പാദനം ആരംഭിച്ചതിന്റെ പത്താം വാർഷികത്തിൽ 100 കോടി രൂപ (12 മില്യൺ യുഎസ് ഡോളർ) നിക്ഷേപം പ്രഖ്യാപിച്ച് ആംവേ. വാർഷികത്തിന്റെ ഭാഗമായി ഇന്ത്യ സന്ദർശിച്ച ആംവേ പ്രസിഡന്റും സിഇഒയുമായ മൈക്കൽ നെൽസനാണു പ്രഖ്യാപനം നടത്തിയത്. ആംവേയുടെ മൂന്ന് ആഗോള ഉൽപ്പാദന കേന്ദ്രങ്ങളിൽ ഒന്നായ ഇന്ത്യ ആംവേയുടെ ആഗോള പ്രവർത്തനങ്ങളിൽ വളരെ പ്രാധാന്യമുള്ളതാണ്. അതിനാൽ കൂടുതൽ വികസനങ്ങൾ നടത്തുന്നതിനും, ആംവേ ബിസിനസ് ഓണർ/ഡിസ്ട്രിബ്യൂട്ടർമാരെ മെച്ചപ്പെടുത്തുന്നതിനും, സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും ഉപഭോക്തൃ അനുഭവം വളർത്തുന്നതിനുമായി അടുത്ത മൂന്ന് മുതൽ അഞ്ച് വർഷത്തിനുള്ളിലാണ് 100 കോടി രൂപ നിക്ഷേപിക്കാൻ കമ്പനി പദ്ധതിയിടുന്നത്. നിലവിലുള്ള സ്റ്റോറുകളെ പുനർരൂപകൽപ്പന ചെയ്തും, മികച്ച പരിശീലന മേഖലകൾ വികസിപ്പിച്ചും, മെച്ചപ്പെടുത്തിയ സേവന അനുഭവങ്ങൾ നൽകിയും അവയുടെ മികവുയർത്തുകയാണ് ലക്ഷ്യം. ഉൽപ്പന്ന പരിജ്ഞാനം, ഗുണനിലവാരം ഉറപ്പാക്കാനുള്ള മാനദണ്ഡങ്ങൾ, സർട്ടിഫിക്കേഷൻ എന്നിവയെക്കുറിച്ചുള്ള വ്യക്തമായി നടപ്പാക്കുന്ന പരിപാടികളിലൂടെ വിതരണക്കാരെ ശാക്തീകരിക്കുന്നതിലും ഈ വികസന പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും.

# ത്രീ ഇൻ വൺ സൂപ്പർ അക്കൗണ്ട് അവതരിപ്പിച്ച് കോട്ടക് 811

**തിരുവനന്തപുരം:** ഇന്ത്യയിലെ മുൻനിര ഡിജിറ്റൽ ബാങ്കിംഗ് പ്ലാറ്റ്ഫോമായ കോട്ടക് 811, ഉപഭോക്താക്കൾക്കായി '3 ഇൻ 1 സൂപ്പർ അക്കൗണ്ട്' അവതരിപ്പിച്ചു. സേവിംഗ്സ് അക്കൗണ്ട്, ഫിക്സഡ് ഡെപ്പോസിറ്റ്, സൂപ്പർ മണിയുമായി ചേർന്ന് സുരക്ഷിത ക്രെഡിറ്റ് കാർഡ് തുടങ്ങിയ സേവനമാണ് ഉപഭോക്താക്കൾക്ക് ലഭ്യമാകുകയെന്ന് കോട്ടക് 811 തലവൻ മനീഷ് അഗർവാൾ പറഞ്ഞു. ലളിതവും ഡിജിറ്റൽഫസ്റ്റ് സ്വഭാവമുള്ള സാമ്പത്തിക സേവനങ്ങൾ ആഗ്രഹിക്കുന്ന സാധാരണ ഉപഭോക്താക്കൾക്കായി. വിവിധ മേഖലകളിലെ ജോലിക്കാർ, വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് പണം നിയന്ത്രിക്കാൻ കൂടുതൽ സൗകര്യപ്രദവും പ്രായോഗികവുമായ മാർഗമാണ് ഇത്. സേവിംഗും, സ്പെൻഡിംഗും, ബോറോയിംഗും എല്ലാം ഒരൊറ്റ അക്കൗണ്ടിൽ ലഭ്യമാകുന്നതാണ്. പേപ്പർവർക്കില്ലാതെ, ലളിതമായും സുരക്ഷിതമായും പണം കൈകാര്യം ചെയ്യാൻ ആഗ്രഹിക്കുന്നവർക്കായാണ് ഈ 3 ഇൻ 1 സൂപ്പർ അക്കൗണ്ട് രൂപകൽപ്പന ചെയ്തതെന്ന് മനീഷ് അഗർവാൾ പറഞ്ഞു.

3 ഇൻ 1 സൂപ്പർ അക്കൗണ്ടിലൂടെ 1,000 മുതൽ ഫിക്സഡ് ഡെപോസിറ്റ് സേവനം ആരംഭിക്കാം, ഫിക്സഡ് ഡെപോസിറ്റിൽ പലിശയ്ക്കൊപ്പം ക്യാഷ് ബാക്ക് ലഭ്യമാകും. യുപിഐ പേയ്മെന്റുകളിൽ റിവാർഡുകൾ ലഭിക്കുന്നു. ഫിക്സഡ് ഡെപോസിറ്റിനനുസൃതമായി രേഖകൾ ആവശ്യമില്ലാത്ത ക്രെഡിറ്റ് കാർഡ് ലഭിക്കും. ഡിജിറ്റൽഫസ്റ്റ് ഉപയോക്താക്കളെ ലക്ഷ്യമിട്ടാണ് കോട്ടക് 811യും സൂപ്പർ മണിയും സഹകരിക്കുന്നതെന്നും, വിശ്വസനീയമായ ബാങ്കിംഗും നവീന ഫിൻടെക് സൗകര്യങ്ങളും ചേർത്ത് ക്രെഡിറ്റിനെ പേയ്മെന്റുകളെ പോലെ ലളിതമാക്കുകയാണ് ലക്ഷ്യമെന്നും സൂപ്പർമണി സ്ഥാപകൻ പ്രകാശ് സികാരിയ അഭിപ്രായപ്പെട്ടു.

# സമ്മാൻ സീനിയർ സിറ്റിസൺ പ്രീപെയ്ഡ് പ്ലാനുമായി ബി.എസ്.എൻ.എൽ

**കൊച്ചി :** മുതിർന്ന പൗരന്മാർക്കായി ഒരു വർഷം കാലാവധിയുള്ള സമ്മാൻ പ്രീപെയ്ഡ് മൊബൈൽ പ്ലാൻ ആരംഭിച്ചു. 1812 രൂപയുടെ ഈ പ്ലാനിൽ 365 ദിവസത്തെ കാലാവധിയോടെ പരിധിയില്ലാത്ത കാളുകളും ദിവസേന 2 ജിബി ഡാറ്റയും 100 എസ്.എം.എസും ലഭിക്കുന്നതാണ്. ഇതിനു പുറമെ ഒ.ടി.ടി സേവനങ്ങളും 500 ലൈവ് ചാനലുകളുമുള്ള ബി.ഐ.ടി.വി പ്രീമിയം വരിസംഖ്യ യും 6 മാസത്തേക്ക് സൗജന്യമായി ലഭിക്കുന്നതാണ്. ഈ പ്ലാൻ പുതിയ കണക്ഷനുകൾക്കും മൊബൈൽ നമ്പർ പോർട്ട് ചെയ്യുന്നുവർക്കുമായി നവംബർ 18 വരെ ലഭ്യമാണ്. കൂടാതെ ഉത്സവകാല ഓഫർ പ്രമാണിച്ചു നവംബർ 15 വരെ ഒരു രൂപയുടെ 4ജി പ്ലാനും അവതരിപ്പിച്ചിട്ടുണ്ട്. ഒരു രൂപയുടെ ഈ പ്ലാനിൽ 30 ദിവസ കാലാവധിയോടെ പരിധിയില്ലാത്ത കാളുകളും ദിവസേന 2 ജിബി ഡാറ്റയും 100 എസ്.എം.എസും ലഭിക്കുന്നതാണ്. കാലാവധിക്കു ശേഷം ഉപഭോക്താക്കൾക്ക് തങ്ങൾക്കു അനുയോജ്യമായ പ്ലാനുകൾ തെരെഞ്ഞെടുക്കാവുന്നതാണ്.

ബി.എസ്.എൻ.എൽ സെൽഫ് കെയർ ആപ്പ് വഴി നിങ്ങളുടെ സുഹൃത്തുക്കളുടെ മൊബൈൽ നമ്പറിലേക്കു 199 രൂപയുടെയോ അതിനു മുകളിലോ ചെയ്യുന്ന എല്ലാ റീചാർജിനും രണ്ടര ശതമാനം ഡിസ്കൗണ്ടും ലഭിക്കുന്നതാണെന്നു ബി.എസ്.എൻ.എൽ എറണാകുളം പ്രിൻസിപ്പൽ ജനറൽ മാനേജർ ഡോ. കെ ഫ്രാൻസിസ് ജേക്കബ് അറിയിച്ചു.

# ആയുർവേദത്തെ ആധുനിക വൈദ്യവുമായി സമന്വയിപ്പിക്കാൻ പദ്ധതി: മന്ത്രി പി. രാജീവ്




**കൊച്ചി:** ടൂറിസം മേഖലയിലെ ആഗോള പ്രശസ്തിക്ക് പിന്നാലെ, ആയുർവേദ ചികിത്സാ രംഗത്തും കേരളത്തെ ലോകത്തിന്റെ മുൻനിരയിലെത്തിക്കാൻ സർക്കാർ നടപടികൾ ഊർജിതമാക്കിയതായി വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു.കേരള ഹെൽത്ത് ടൂറിസം ആൻഡ് ഗ്ലോബൽ ആയുർവേദ സമ്മിറ്റ് ആൻഡ് എക്സ്പോ 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ തനത് ചികിത്സാ രീതിയായ ആയുർവേദത്തെ ആധുനിക വൈദ്യശാസ്ത്രവുമായി സമന്വയിപ്പിച്ച് സംസ്ഥാനത്തെ സമ്പൂർണ്ണ ആരോഗ്യ ടൂറിസം (ഹോളിസ്റ്റിക് വെൽനസ്) കേന്ദ്രമായി മാറ്റാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ആയുർവേദ ചികിത്സാരംഗത്ത് കേരളം രാജ്യത്തിന് തന്നെ മാതൃകയാണെന്ന് ഓൺലൈനിലൂടെ ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ്റാവു ജാദവ് അഭിപ്രായപ്പെട്ടു. ആയുഷ് മന്ത്രാലയം സെക്രട്ടറി വൈദ്യ രാജേഷ് കോട്ടേച്ച, സിഐഐ ഗ്ലോബൽ ആയുർവേദ സമ്മിറ്റ് ചെയർമാനും ധാത്രി ആയുർവേദ എം.ഡിയുമായ ഡോ. സജികുമാർ, കോട്ടക്കൽ ആര്യവൈദ്യശാല ട്രസ്റ്റി പി.എം. വാരിയർ, മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ എം.ഡി. ഡോ. പി.വി. ലൂയിസ്, സിഐഐയുടെ ദക്ഷിണമേഖല ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ്, ആസ്റ്റർ മെഡിസിറ്റി സിഇഒയും സിഐഐ കേരള ആരോഗ്യസമിതിയുടെ സഹകൺവീനറുമായ നളന്ദ ജയദേവ്, സി.ഐ.ഐ കേരള ചെയർമാൻ വികെസി റസാഖ് തുടങ്ങിയവർ സംസാരിച്ചു. സി.ഐ.ഐ കേരള ചാപ്റ്റർ, ആയുഷ് മന്ത്രാലയം, കേരള സർക്കാർ എന്നിവയുടെ പങ്കാളിത്തത്തോടെ സംഘടിപ്പിച്ച ഉച്ചകോടിയിൽ 16 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

# പുതിയ പ്രോട്ടോടൈപ്പ് അവതരിപ്പിച്ച് ഹോണ്ട

**കൊച്ചി:** ഹോണ്ട മോട്ടോർ കമ്പനി ലിമിറ്റഡ് ജപ്പാൻ മൊബിലിറ്റി ഷോ 2025ൽ അടുത്ത തലമുറ വൈദ്യുത വാഹനമായ ഹോണ്ട സീറോ ആൽഫയുടെ പ്രോട്ടോടൈപ്പിന്റെ ലോക പ്രീമിയർ അവതരിപ്പിച്ചു.

എല്ലാ സാഹചര്യങ്ങളിലും ജനങ്ങളുടെ ജീവിതത്തെ പിന്തുണയ്ക്കുന്ന, നഗര, പ്രകൃതിദത്ത പരിസ്ഥിതികളുമായി മനോഹരമായി ഇണങ്ങിച്ചേരുന്ന ഒരു എസ്.യു.വി. ആയിട്ടാണ് ഹോണ്ട സീറോ ആൽഫ വികസിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഈ വർഷം ജനുവരിയിൽ സി.ഇ.എസ്. 2025ൽ അവതരിപ്പിച്ച ഹോണ്ട സീറോ സലൂണിനും ഹോണ്ട സീറോ എസ്.യു.വി.ക്കും ശേഷം, ഹോണ്ട സീറോ സീരീസിന്റെ ലോകത്തിനായുള്ള ഒരു ഗേറ്റ്‌വേ മോഡൽ ആയി പരിഷ്കരിച്ച രൂപകൽപനയും, യാത്രികർക്ക് മികച്ച സഞ്ചാര സുഖം പ്രദാനം ചെയ്യുന്ന വിശാലമായ ക്യാബിനും ഹോണ്ട സീറോ ആൽഫയുടെ സവിശേഷതയാണെന്നും കമ്പനി അധികൃതർ പറഞ്ഞു.

# ഐ ടി ടെക് മേഖലയിൽ കേരളം വൻ മുന്നേറ്റ പാതയിൽ: എസ്. സാംബശിവ റാവു

**കൊച്ചി:** സാങ്കേതിക മേഖലയിലെ മികച്ച കമ്പനികളും ഈ രംഗത്തെ നേതാക്കളും തങ്ങളുടെ നിക്ഷപത്തിന്റെ കേന്ദ്ര പ്രദേശമായി കേരളത്തെ തെരഞ്ഞെടുക്കണമെന്ന് കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് ആന്റ് ഐ.ടി സെക്രട്ടറി എസ്. സാംബശിവറാവു പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ എട്ടാമത് കെ.എം.എ ഡിജിറ്റൽ സമ്മിറ്റ് 2025 സ്മാർട്ട് സിറ്റിയിലെ ലുലു ടിൻ ടവേഴ്സിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഏറ്റവും മികച്ച പ്രവർത്തനങ്ങൾ ഏറ്റവും ചുരുങ്ങിയ ചെലവിൽ മികച്ച ഫലം ലഭ്യമാകുന്ന വിധത്തിൽ കേരളത്തിൽ ലഭ്യമാകും. ദേശീയ പാതയ്ക്ക് അടുത്തായുള്ള ഐ ടി കോറിഡോറുകൾ, ഏതൊരു ഗ്രാമത്തിനും അടിസ്ഥാന സൗകര്യങ്ങളുമായുള്ള സാമീപ്യം, എവിടേയും ലഭ്യമാകുന്ന ഹരിതാഭയും ശുദ്ധജലവും ഉൾപ്പെടെ കേരളത്തിന്റെ നേട്ടങ്ങളാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ ആവാസ വ്യവസ്ഥയിൽ വൻ മാറ്റങ്ങളാണ് മുൻകാലങ്ങളിൽ നിന്നും ഉണ്ടായിരിക്കുന്നത്. ജനങ്ങളെ ശാക്തീകരിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയുമാണ്. ആരോഗ്യം, വിദ്യാഭ്യാസം മേഖലകളിൽ കേരളം രാജ്യത്തിന് മാതൃകയാണ്. ജീവിത നിലവാരത്തിലും അടിസ്ഥാനസൗകര്യ വികസനത്തിലും വൻ കുതിച്ചു ചാട്ടമാണ് കേരളത്തിൽ സമീപകാലത്തുണ്ടായത്. ഉന്നത നിലവാരത്തിലുള്ള മികച്ച വിദ്യാഭ്യാസമാണ് കേരളത്തിൽ ലഭിക്കുന്നത്. നിക്ഷേപ രംഗത്ത് കേരള സർക്കാർ വലിയ ശ്രദ്ധയാണ് ചെലുത്തന്നത്. ഉത്തരവാദിത്വ നിക്ഷേപ നയമാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ഐ ടി, ടെക് മേഖലയിലും കേരളം മുന്നോറുകയാണ്. തെക്കേ ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള ഐ ടി ടവറായ ലുലു ഐ ടി ടവറിലാണ് ഡിജിറ്റൽ സമ്മിറ്റ് നടക്കുന്നത് എന്നതു തന്നെ ഈ രംഗത്തെ കേരളത്തിന്റെ മാറ്റമാണ് വ്യക്തമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കൂടുതൽ സ്വകാര്യ നിക്ഷേപങ്ങൾ ഈ മേഖലയിൽ സർക്കാർ പ്രതീക്ഷിക്കുന്നതായും എസ്. സാബശിവ റാവു പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് കെ. ഹരികുമാർ അധ്യകത വഹിച്ചു. ഇൻഫോപാർക്ക് സി ഇ ഒ സുശാന്ത് കുറുന്തിൽ, ടാറ്റ എൽക്സി സെന്റർ ഹെഡ് വി. ശ്രീകുമാർ, ക്ലേസിസ് ടെക്നോളജീസ് മാനേജിംഗ് ഡയറക്ടർ വിനോദ് തരകൻ, കാനറി ഡിജിറ്റൽ സ്ഥാപകനും സി.ഇ .യുമായ ആർ. മനോജ്കുമാർ, രമേഷ് നായർ, അനിൽ വർമ തുടങ്ങിയവർ സംസാരിച്ചു.

# മൂന്ന് വർഷം പൂർത്തിയാക്കി മാർസെല്ലസ് ഗിഫ്റ്റ് സിറ്റി ഹബ്

**കൊച്ചി:** മാർസെല്ലസ് ഇൻവെസ്റ്റ്മെന്റ് മാനേജേഴ്സ് ആരംഭിച്ച ഗ്ലോബൽ കോംപൗണ്ടേഴ്സ് സ്ട്രാറ്റജി വിജയകരമായ മൂന്നു വർഷം പിന്നിടുന്നു. നോർത്ത് അമേരിക്ക, യൂറോപ്പ്, ഏഷ്യ എന്നിവിടങ്ങളിലെ നിക്ഷേപാവസരങ്ങളിൽ മൂലധനം വിനിയോഗിക്കാനായിരുന്നു ഈ ദൗത്യം. നിലവിൽ മാർസെല്ലസിന്റെ ഗ്ലോബൽ കോംപൗണ്ടേഴ്സ് സ്ട്രാറ്റജിക്ക് പ്രൊഡക്ട് മാർക്കറ്റ് ഫിറ്റ്, ആൾടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്, അഡ്വൈസറി പ്ലാറ്റ്ഫോം എന്നിവയിലുടനീളം 300 കോടി രൂപയാണ് ആസ്തി മൂല്യം. നിക്ഷേപകർക്ക് അവരുടെ ആസ്തികൾ വൈവിധ്യമാക്കാനും, ശരാശരി 27.30% വളർച്ചാ നിരക്കിൽ ലാഭം സമ്പാദിക്കാനും ഇത് സഹായിച്ചുവെന്ന് മാർസെല്ലസ് നേതൃത്വം വ്യക്തമാക്കി. മൂന്ന് വർഷം മുമ്പ്, ഇന്ത്യൻ നിക്ഷേപകർക്ക് ലോകത്തിലെ മുൻനിര എന്റർപ്രൈസുകളുടെ വളർച്ചയിൽ പങ്കാളികളാകാനുള്ള സ്വപ്നങ്ങൾ കണ്ടിരുന്നു അവരുടെ സമ്പാദ്യങ്ങളെ ഇന്ത്യയ്ക്ക് പുറത്തുള്ള വിപണികളിലേക്കും നിക്ഷേപിക്കാനായെന്നും ഇവർ വ്യക്തമാക്കി.

# ശുഭ് ഫാമിലി പ്രൊട്ടക്റ്റ് പദ്ധതി അവതരിപ്പിച്ച് ടാറ്റാ എഐഎ

**കൊച്ചി:** ഉടൻ തന്നെ നൽകുന്ന ഒറ്റത്തുകയ്ക്കൊപ്പം 30 വർഷം വരെ പ്രതിമാസ വരുമാനവും ലഭ്യമാക്കുന്ന ടാറ്റാ എഐഎ ശുഭ് ഫാമിലി പ്രൊട്ടക്റ്റ് പദ്ധതിക്ക് ടാറ്റാ എഐഎ ലൈഫ് ഇൻഷൂറൻസ് കമ്പനി തുടക്കം കുറിച്ചു. കുടുംബങ്ങൾക്ക് സമഗ്രമായ സാമ്പത്തിക പരിരക്ഷ ലഭ്യമാക്കുന്ന ഇത്തരത്തിലുള്ള ആദ്യ പദ്ധതിയാണ് ഇതെന്ന് ടാറ്റാ എഐഎ ലൈഫ് ഇൻഷൂറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ ജിലാനി ബാഷ പറഞ്ഞു. യഥാർത്ഥ ജീവിതത്തിലെ ആവശ്യങ്ങൾക്കായി രൂപകൽപന ചെയ്ത പദ്ധതിയാണ് ശുഭ് ഫാമിലി പ്രൊട്ടക്റ്റ്. കുടുംബങ്ങൾക്ക് ഒരു വലിയ തുക നൽകുന്നതിലുപരിയായി ഒറ്റത്തുകയും തുടർച്ചയായ പ്രതിമാസ വരുമാനത്തിൻറെ സുരക്ഷയും സംയോജിപ്പിച്ചു നൽകുകയാണ് ഇതിലൂടെ ചെയ്യുന്നത്. ദീർഘകാലത്തേക്കുള്ള പ്രതിമാസ വരുമാനമാണ് ശുഭ് ഫാമിലി പ്രൊട്ടക്റ്റിന്റെ പ്രത്യേകത. സ്ഥിരമായതോ വർധിച്ചു വരുന്നതോ ആയ പ്രതിമാസ വരുമാനം തെരഞ്ഞെടുക്കാം. അതുവഴി പണപ്പെരുപ്പത്തെ ചെറുക്കാനുമാകും ഒന്നിലേറെ ഗുണഭോക്താക്കളെ നാമനിർദ്ദേശം ചെയ്യാമെന്നതാണ് ശുഭ് ഫാമിലി പ്രൊട്ടക്റ്റിന്റെ ഏറ്റവും മികച്ച വിശേഷതകളിലൊന്ന്. ആവശ്യമുള്ള എല്ലാവർക്കും പരിചരണം ലഭിക്കുന്നു എന്ന് ഇതിലൂടെ ഉറപ്പിക്കാം. ജീവിത പങ്കാളി, കുട്ടികൾ, മുതിർന്ന മാതാപിതാക്കൾ എന്നിവർക്കെല്ലാം കൃത്യമായി നിർവചിച്ച രീതിയിൽ ആനുകൂല്യങ്ങളുടെ പങ്കു നൽകാനാവും.സാമ്പത്തിക പരിരക്ഷയ്ക്കും ഉപരിയായുള്ളവ ലഭ്യമാക്കുന്നതിലാണ് ടാറ്റാ എഐഎ വിശ്വസിക്കുന്നതെന്നും ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും കുടുംബങ്ങൾക്കു പിന്തുണ വേണമെന്നുമാണ് ടാറ്റാ എഐഎ വിശ്വസിക്കുന്നതെന്നും ജിലാനി ബാഷ പറഞ്ഞു.

# വിഗാർഡ്:രണ്ടാം പാദ വരുമാനം 3.6% വർദ്ധിച്ചു

**കൊച്ചി:** വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2025 സെപ്റ്റംബർ 30ന് അവസാനിച്ച പാദത്തിലെ ഓഡിറ്റ് ചെയ്യാത്ത സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു. 202526 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ 2025 സെപ്റ്റംബർ 30ന് അവസാനിച്ച പാദത്തിലെ ഏകീകൃത അറ്റ പ്രവർത്തന വരുമാനം 1340.92കോടി രൂപയാണ്,ഇത് മുൻ വർഷത്തെ ഇതേ കാലയളവിൽ രേഖപ്പെടുത്തിയ വരുമാനമായ 1293.99കോടി രൂപയെ അപേക്ഷിച്ച് 3.6% കൂടുതലാണ്. ഈ പാദത്തിലെ ഏകീകൃത നികുതിക്കു ശേഷമുള്ള ലാഭം 65.29 കോടി രൂപയാണ്, ഇത് മുൻ വർഷത്തെ ഇതേ കാലയളവിൽ രേഖപ്പെടുത്തിയ 63.39 കോടി രൂപയെ അപേക്ഷിച്ച് 3.0% വർധനവാണ്. 2025 സെപ്റ്റംബർ 30ന് അവസാനിച്ച ആറു മാസത്തെ ഏകീകൃത അറ്റ പ്രവർത്തന വരുമാനം 2807.00 കോടി രൂപയാണ്. 2025 സെപ്റ്റംബർ 30ന് അവസാനിച്ച ആറുമാസത്തെ ഏകീകൃത നികുതിക്കു ശേഷമുള്ള ലാഭം 139.14 കോടി രൂപയാണ്. ശരാശരിയിൽ കൂടുതലുള്ള മഴ, ദുർബലമായ ഡിമാൻഡ്, ജിഎസ്ടി മാറ്റങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പ്രതികൂല സാഹചര്യങ്ങൾ കാരണം രണ്ടാം പാദത്തിൽ എല്ലാ വിഭാഗങ്ങളിലും ബിസിനസ്സ് മിതമായ വളർച്ചയാണ് കൈവരിച്ചതെന്ന് വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ മിഥുൻ. കെ. ചിറ്റിലപ്പിള്ളി പറഞ്ഞു. നികുതി ഘടന ലളിതമാക്കുന്നതിനും ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള ജിഎസ്ടി 2.0യുടെ ഭാഗമായി അവതരിപ്പിച്ച പരിഷ്കാരങ്ങൾ സ്വാഗതാർഹമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സ്റ്റാർ ഹെൽത്തിന് 518 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** സ്റ്റാർ ഹെൽത്ത് നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിൽ വാർഷികാടിസ്ഥാനത്തിൽ 21 ശതമാനം വളർച്ചയോടെ 518 കോടി രൂപയുടെ അറ്റാദായം കൈവരിച്ചു. മികച്ച നഷ്ട അനുപാതത്തിൻറെയും മെച്ചപ്പെട്ട പ്രവർത്തനക്ഷമതയുടെയും പിന്തുണയോടെയാണിതെന്ന് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ആനന്ദ് റോയ് പറഞ്ഞു.

രണ്ടാം പാദത്തിൽ കമ്പനി ശക്തമായ വളർച്ച നിലനിർത്തി. നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 8,809 കോടി രൂപയുടെ ഗ്രോസ് റിട്ടൺ പ്രീമിയം നേടി. ഇത് മുൻവർഷത്തേക്കാൾ 12 ശതമാനം വാർഷിക വളർച്ചയാണ്. പുതിയ റീട്ടെയിൽ പ്രീമിയത്തിൽ ഉണ്ടായ 24 ശതമാനം വർദ്ധനവും, റീട്ടെയിൽ ഹെൽത്തിലെ 98 ശതമാനം പ്രീമിയം പുതുക്കുന്നതിലുള്ള സ്ഥിരതയും കാരണം റീട്ടെയിൽ ഗ്രോസ് റിട്ടൺ പ്രീമിയം 17 ശതമാനം ഉയർന്ന് 8,332 കോടി രൂപയായി. 32 ശതമാനം വിപണി വിഹിതത്തോടെ കമ്പനി ഇന്ത്യയുടെ റീട്ടെയിൽ ഹെൽത്ത് ഇൻഷുറൻസ് മേഖലയിലെ നേതൃത്വം തുടരുന്നു. നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിൽ ഐഎഫ്ആർഎസ് പ്രകാരം 21 ശതമാനം വളർച്ചയോടെ അറ്റാദായം കൈവരിച്ചു. 8.3 ശതമാനം എന്ന മികച്ച നിക്ഷേപ വരുമാനത്തോടൊപ്പം മെച്ചപ്പെട്ട നഷ്ട അനുപാതവും ചെലവ് അനുപാതത്തിലെ കുറവും നേട്ടത്തിന് സഹായകമായെന്നും ആനന്ദ് റോയ് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ടൈ കേരളാ ഫാം ആസ് ആൻ എന്റർപ്രൈസ് ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു

**തൃശൂർ:** ടൈ കേരളയും മണ്ണുത്തി കേരള കാർഷിക സർവകലാശാലയും ചേർന്ന് സംഘടിപ്പിച്ച 'ഫാം ആസ് അൻ എന്റർ പ്രൈസ്' ഏകദിന ശിൽപ്പശാല മണ്ണുത്തി കാർഷിക സർവകലാശാലാ ക്യാമ്പസിൽ നടന്നു. കർഷകരെയും ഗവേഷകരെയും ബിസിനസ് നേതാക്കളെയും ഒരു വേദിയിൽ എത്തിച്ച ശിൽപ്പശാല കാർഷിക മേഖലയ്ക്ക് പുതിയ പ്രതീക്ഷകളാണ് പകരുന്നതെന്ന് കൈനടി പ്ലാന്റേഷൻ ഉടമയുമയും സൂപ്പർ ആപ്പ് സി ഇ ഒയും സഹസ്ഥാപകനുമായ റോഷൻ കൈനടി അഭിപ്രായപ്പെട്ടു. ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിംഗ് ഡയറക്ടറും സി ഇ ഒയുമായ കെ പോൾ തോമസ് മുഖ്യാതിഥിയായിരുന്നു. കാർഷിക സർവകലാശാല ഗവേഷണ ഡയറക്ടർ ഡോ. അനിത്ത് കെ എൻ, കേരള കാർഷിക സർവകലാശാല എക്സ്റ്റെൻഷൻ ഡയറക്ടർ ഡോ. ബിനു പി ബോണി എന്നിവർ അനുഭവങ്ങളും അഭിപ്രായങ്ങളും പങ്കുവെച്ചു. അടുക്കള തോട്ടത്തിൽ നിന്ന് മോഡേൺ ഫാമിംഗ് തോട്ടത്തിലേക്കുള്ള മോഡൽ ചർച്ചയിൽ വ്യവസായ ലക്ഷ്യങ്ങളോടെ കൃഷിയെ കാണേണ്ടതിന്റെ ആവശ്യകത ഉയർന്നു. മോഡറേറ്റർ റോഷൻ കൈനാടിയുടെ നേതൃത്വത്തിൽ ഡോ. ബെറിൻ പാത്രോസ്, വില്യംസ് മാത്യു, അലക്സ് തോമസ്, പി കെ അഹമ്മദ് കുട്ടി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. 'ഹോംസ്റ്റഡ് ഫാം' എന്ന വിഷയത്തിൽ സി ജി എച്ച് എർത്ത് ചെയർമാനായ ജോസ് ഡൊമനിക് ചർച്ച നയിച്ചു. വീടിനോടനുബന്ധിച്ച് കാർഷിക ജീവിതം സമന്വയിപ്പിക്കുന്ന മാതൃകകളെ പാനലിസ്റ്റുകളായ ഡോ. ബിന്ദു ജെ എസ്, ടോം ജേക്കബ് ആലക്കൽ, ജോൺസ് ജോർജ് എന്നിവർ അവതരിപ്പിച്ചു. 'ഇന്നോവേഷൻ ഓൺ ദ ഫാം' പാനൽ ചർച്ചയിൽ കാർഷിക സാങ്കേതികവിദ്യയും ഡിജിറ്റൽ പരിഹാരങ്ങളും എന്ന വിഷയത്തിൽ ഡോ. കെ പി സുധീർ അധ്യക്ഷത വഹിച്ചു. റിജേഷ് രാജൻ, കെവിൻ കൈനടി, അനിൽ ബാബു എന്നിവർ പങ്കെടുത്തു. കർഷകൻ ഉത്പാദകനല്ല സംരംഭകനാണെന്നും കൃഷിയിൽ ബിസിനസ് ചിന്ത ആകുമ്പോഴേ കാർഷിക ഭാവിക്ക് ശക്തമായ അടിത്തറ പാകാൻ സാധിക്കുകയുള്ളുവെന്നും ഡോ. കെ പി. സുധീർ ചർച്ചയിൽ അഭിപ്രായപ്പെട്ടു. ടൈ കേരളയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ദിവ്യ തലക്കലാത്ത് ചടങ്ങിൽ പങ്കെടുത്തു. കാർഷിക എഞ്ചിനീയറിങ് വകുപ്പ് മേധാവിയും അഗ്രിബിസിനസ് ഇൻക്യൂബേറ്റർ തലവനുമായ ഡോ. കെ പി സുധീർ പ്രസംഗിച്ചു.

# അന്താരാഷ്ട്ര ഒപ്റ്റിക്കൽ എക്സിബിഷനും സമ്മേളനവും

**കൊച്ചി:** ഓൾ കേരള ഒപ്റ്റിക്കൽ അസോസിയേഷൻ സംസ്ഥാന സമ്മേളനവും അന്താരാഷ്ട്ര എക്സിബിഷനും നവംബർ 8, 9 തിയ്യതികളിൽ അങ്കമാലി അഡലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് എം.പി സലീം, ജനറൽ സെക്രട്ടറി കെ.എസ് സച്ചുലാൽ, ട്രഷറർ എം. യു തങ്കച്ചൻ, രക്ഷാധികാരി ജോർജ്ജ് വർഗ്ഗീസ് ജോസ്, ടി. ഹാഷിം, കെ. ഗിരീഷ് കുമാർ, സക്കറിയ ഫാസിൽ, പോൾ വെട്ടിക്കനാകുടി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഒമ്പതിന് രാവിലെ 10 മണിക്ക് മന്ത്രി എം ബി രാജേഷ് സമ്മേളനം ഉദ്ഘാടനം ചെയ്യും.

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര മുഖ്യപ്രഭാഷണവും ബോച്ചേ ആർ എക്സ് ലെൻസ് കമ്പനി ചെയർമാൻ ബോബി ചെമ്മണ്ണൂർ പ്രഭാഷണവും നടത്തും. സംസ്ഥാന പ്രസിഡന്റ് എം.പി സലീം, ജനറൽ സെക്രട്ടറി കെ. എസ് സച്ചുലാൽ, ട്രഷറർ എം. യു തങ്കച്ചൻ, രക്ഷാധികാരി ജോർജ്ജ് വർഗ്ഗീസ് ജോസ് എന്നിവർ സമ്മേളനത്തിൽ പ്രസംഗിക്കും. വൈകിട്ട് മൂന്നു മുതൽ ആറു വരെ എന്റർടെയ്ൻമെന്റ് പരിപാടികൾ അരങ്ങേറും.

എ.കെ.ഒ.എ വെൽഫെയർ ഫണ്ടിന്റെ രണ്ടാം ഘട്ടം ഉദ്ഘാടനവും വെൽഫെയർ ഫണ്ട് അംഗമായിരിക്കെ മരണമടഞ്ഞ അംഗത്തിന്റെ കുടുംബത്തിന് സാമ്പത്തിക സഹായ വിതരണവും സമ്മേളനത്തോടനുബന്ധിച്ച് നടക്കും. എട്ട്, ഒൻപത് തിയ്യതികളിൽ നടക്കുന്ന അന്താരാഷ്ട്ര ഒപ്റ്റിക്കൽ എക്സിബിഷനിൽ ഏറ്റവും പുതിയതരം ഫ്രെയിമുകളും ലെൻസുകളും അത്യാധുനിക രീതിയിലുള്ള ഒപ്റ്റിക്കൽ മെഷനറികളും നൂതന സാങ്കേതിക വിദ്യകളും പ്രദർശിപ്പിക്കും.

എഴുപതിലേറെ സ്റ്റാളുകളും 65ലേറെ എക്സ്ബിറ്റേഴ്സും പതിനായിരത്തിലേറെ ചതുരശ്ര അടി എക്സിബിഷൻ സെന്ററിൽ അണിനിരക്കും. എക്സ്ക്ലൂസീവ് ഡീലുകൾ, ബിസിനസ് നെറ്റ് വർക്കിംഗ്, അറുന്നൂറിലേറെ ബ്രാന്റുകൾ, ഏറ്റവും പുതിയ ട്രെന്റും സാങ്കേതികവിദ്യയും ഉൾപ്പെടെ പ്രദർശനത്തിൽ സന്ദർശകർക്കായി ഒരുക്കും. സംഘടനാ അംഗങ്ങൾക്ക് വേണ്ടി ഭാവിയിൽ നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചുള്ള വിശദീകരണവും സമ്മേളനത്തിൽ ഉണ്ടാകുമെന്ന് സംഘാടകർ പറഞ്ഞു.,

# ലോകാ ലാൻഡ് ബൈ വണ്ടർല ആഘോഷം ഇന്നുമുതൽ

**കൊച്ചി:** വേഫെറർ ഫിലിംസുമായി ചേർന്ന് വണ്ടർല രൂപകൽപ്പന ചെയ്ത പ്രത്യേക തീം അനുഭവമായ 'ലോകാ ലാൻഡ് ബൈ വണ്ടർല' ആഘോഷം ഒക്ടോബർ 31 മുതൽ നവംബർ 2 വരെ നടക്കും. ചലച്ചിത്രത്തിൽ ഇഴചേർത്ത നാടോടിക്കഥകളിൽ നിന്നും ദൃശ്യവിസ്മയത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് രൂപം നൽകിയ ലോകാ ലാൻഡ് വണ്ടർലയെ കെട്ടുകഥകളുടെയും നിഗൂഢതയുടെയും ഒരു തുരുത്താക്കി മാറ്റുന്നതാണെന്ന് വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ധീരൻ ചൗധരി പറഞ്ഞു. വണ്ടർലയിൽ, ലോകാ ഫ്രാഞ്ചൈസിന്റെ അത്ഭുതലോകം വിപുലമായ അലങ്കാരങ്ങൾ, ഇന്ററാക്ടീവ് പ്രോപ്പുകൾ എന്നിവയിലൂടെ സജീവമാകും. ആധുനിക മായക്കഥകളുടെ കണ്ണിലൂടെ പുനർനിർമ്മിച്ച കേരളത്തിന്റെ കാലാതീതമായ നാടോടിക്കഥകളിലൂടെ സഞ്ചരിക്കുന്നതുപോലുള്ള അനുഭവം സന്ദർശകർക്ക് ലഭിക്കും. ഘോഷത്തിന്റെ ഭംഗി കൂട്ടിച്ചേർക്കുന്നതിനായി, വണ്ടർല മൂന്ന് ദിവസങ്ങളിലുട നീളം നിയോൺ തീം ഡിജെ നൈറ്റുകളും, ഒക്ടോബർ 31ന് ലൈവ് വാട്ടർ ഡ്രംസ് പെർഫോർമൻസ് എന്നിവ ഒരുക്കിയിട്ടുണ്ട്. സന്ദർശകരെ അത്ഭുതത്തിന്റെ ലോകത്തേക്ക് കൊണ്ടുപോകുന്ന വിധമാണ് ഓരോ പരിപാടിയും രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും ധീരൻ ചൗധരി പറഞ്ഞു.




## സ്റ്റാർട്ടപ്പുകൾക്ക് ഡിജിറ്റൽ ഹബ്ബ് പ്രയോജനപ്പെടുത്താം:
# കെഎസ്യുഎം അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷന്റെ കൊച്ചിയിലെ കളമശ്ശേരി കേരള ഇന്നവേഷൻ സോണിൽ സജ്ജമാക്കിയിരിക്കുന്ന അത്യാധുനിക വർക്കിംഗ് സ്പേസായ ഡിജിറ്റൽ ഹബ്ബിൽ പ്രവർത്തിക്കാൻ സ്റ്റാർട്ടപ്പുകൾക്ക് അവസരം. താൽപര്യമുള്ള സ്റ്റാർട്ടപ്പുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം. സ്റ്റാർട്ടപ്പുകളുടെ ബഹുമുഖ വളർച്ച, നവീകരണം, സഹകരണം എന്നിവ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഡിജിറ്റൽ ഹബ്ബ്. വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ, മികച്ച ഇന്റർനെറ്റ്, ക്ലൗഡ് ക്രെഡിറ്റുകൾ, ആധുനിക കോവർക്കിംഗ് സ്പെയ്സുകൾ, കെഎസ്യുഎം മെന്റർഷിപ്പ്, വിദഗ്ധോപദേശം എന്നിവ ഡിജിറ്റൽ ഹബ്ബിലൂടെ ലഭ്യമാകും. സ്റ്റാർട്ടപ്പ് മിഷന്റെ പരിപാടികളിലേക്കുള്ള പ്രവേശനം നേടാനും ഇതിലൂടെ സാധിക്കും.

രജിസ്ട്രേഷന്: www.ksum.in/Space_Digital_hub വെബ്സൈറ്റ് സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 7403180193.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com